Deivarajyam March 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/3/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

മാർച്ച് 2018 വാല്യം 57 ലക്കം 3

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# CBCI - യുടെ പുതിയ സാരഥികൾക്ക് ആശംസകൾ



**PRESIDENT**
HIS EMINENCE OSWALD CARDINAL GRACIAS
Archbishop of Bombay



**VICE-PRESIDENT - I**
MOST REV. JOSHUA MAR IGNATHIOS
Bishop of Mavelikara



**VICE-PRESIDENT - II**
MOST REV. GEORGE NJARALAKATT
Archbishop of Tellicherry



2018 ജനുവരി 30–ാം തീയതി കൂദാശ ചെയ്ത
മാതിരപ്പിള്ളി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം.



2018 ഫെബ്രുവരി 11–ാം തീയതി കൂദാശ ചെയ്ത
പെരിങ്ങാശ്ശേരി സെന്റ് ജോർജ് ദൈവാലയം.

ദൈവരാജ്യം

# ഉള്ളടക്കം



| | |
|---|---|
| 5 | 2018-ലെ നോമ്പുകാല സന്ദേശം |
| 11 | സർക്കുലർ |
| 13 | രൂപതക്കച്ചേരി |
| 21 | മൈനർ സെമിനാരി |
| 22 | വിജ്ഞാനഭവൻ |
| 25 | വിദ്യാഭ്യാസം |
| 27 | സോഷ്യൽ സർവീസ് |
| 27 | തിരുബാലസഖ്യം |
| 28 | ചെറുപുഷ്പ മിഷൻലീഗ് |
| 30 | കെ. സി. എസ്. എൽ. |
| 30 | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 32 | മാതൃവേദി |
| 33 | ഡി. എഫ്. സി. |
| 34 | യുവദീപ്തി |
| 35 | ജീസസ് യൂത്ത് |
| 35 | ഡി. സി. എം. എസ്. |
| 35 | എ. കെ. സി. സി. |
| 37 | ഇൻഫാം |
| 38 | അല്മായഫ്രാൻസിസ്കൻ സഭ |
| 40 | പ്രാർത്ഥനാഗ്രൂപ്പ് |
| 41 | സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി |
| 42 | കേരള ലേബർ മൂവ്മെന്റ് |
| 43 | നെസ്റ്റ് പ്രോഗ്രാം |
| 43 | വാർത്തയും വിശേഷങ്ങളും |
| 43 | Festal Greetings |
| 46 | രൂപതാദ്ധ്യക്ഷന്റെ ഡയറി |
| 47 | Bishop's Engagements |
| 48 | SD സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ |
| 48 | നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം |
| 49 | നിര്യാതരായി |

*Patron*
Mar George Madathikandathil
Bishop of Kothamangalam

*Editor, Printer & Publisher*
Rev. Dr. George Thekkekara

വാല്യം 57
മാർച്ച് 2018
ലക്കം 3

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com



## ഓർമ്മിക്കാൻ

### മാർച്ച്

| | | |
|---|---|---|
| 5 | – | വനിതാദിനാചരണം |
| 7-9 | – | Pre-Marriage Course |
| 10 | – | യുവജനവർഷ ഉദ്ഘാടനം |
| 10 | – | വിശ്വാസോത്സവം ട്രെയിനിംഗ് പ്രോഗ്രാം |
| 13 | – | Priests' Study Forum |
| 21 | – | ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ് |
| 21-23 | – | Pre-Marriage Course |
| 23 | – | മലേക്കുരിശ് തീർത്ഥാടനം |
| 26 | – | വി. മൂറോൻ വെഞ്ചരിപ്പ് |

### തിരുനാളുകൾ

| | | | |
|---|---|---|---|
| മാർച്ച് | 19 | : | വി. യൗസേപ്പിതാവിന്റെ തിരുനാൾ |
| | 25 | : | ഓശാന ഞായർ |
| | 25 | : | മംഗളവാർത്തതിരുനാൾ |
| | 29 | : | പെസഹാ വ്യാഴം |
| | 30 | : | പീഡാനുഭവ വെള്ളി |
| | 31 | : | വലിയ ശനി |
| ഏപ്രിൽ | 1 | : | ഉയിർപ്പ് തിരുനാൾ |

Ref: 3063/K-5/KCBC/OL/DS 30.1.2018

# 2018-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)*

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവിന്റെ പെസഹാ ഒരിക്കൽക്കൂടി അടുത്തുവരുന്നു. ഈസ്റ്ററിനുവേണ്ടിയുള്ള "നമ്മുടെ തയ്യാറെടുപ്പിൽ ഓരോ വർഷവും മാനസാന്തരത്തിനുള്ള കൗദാശിക അടയാള"മെന്ന നിലയിൽ നോമ്പുകാലമെന്ന ഒരു കാലഘട്ടം നമുക്ക് ദൈവം തന്റെ പരിപാലനയിൽ നല്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലയിലും മുഴുഹൃദയത്തോടെ കർത്താവിലേക്കു തിരിച്ചുവരാൻ നോമ്പുകാലം നമ്മെ വിളിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

കൃപാവരത്തിന്റെ ഈ കാലഘട്ടത്തെ സന്തോഷത്തിലും സത്യത്തിലും പുതുതായി അനുഭവിക്കാൻ മുഴുവൻ സഭയെയും ഈ സന്ദേശത്തോടെ വീണ്ടും സഹായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ വാക്കുകൾ സൂചനയായി ഞാൻ ഉപയോഗിക്കുന്നു: "അധർമം വർധിക്കുന്നതിനാൽ പലരുടെയും സ്നേഹം തണുത്തുപോകും" (മത്താ 24:12)

ഈ വാക്കുകൾ ക്രിസ്തുവിന്റെ പ്രഭാഷണത്തിൽ ലോകാവസാനത്തെ സംബന്ധിച്ചുള്ളവയായി തോന്നുന്നു. ജറുസലെമിൽ ഒലിവുമലയിൽവച്ചു പറഞ്ഞതാണ് ആ വാക്കുകൾ. അവിടെ വച്ചാണ് കർത്താവിന്റെ പീഡാസഹനം തുടങ്ങാനിരുന്നത്. ശിഷ്യന്മാരുടെ ഒരു ചോദ്യത്തിന് ഉത്തരമായിരുന്നു യേശുവിന്റെ വിവരണം. വലിയ ക്ലേശങ്ങളിൽ വ്യാജപ്രവാചകന്മാർ ആളുകളെ ചിതറിക്കും. സുവിശേഷത്തിന്റെ കാതലായ പരസ്നേഹം അനേകരുടെ ഹൃദയങ്ങളിൽ തണുത്തു മരവിച്ചുപോകും.

**വ്യാജപ്രവാചകന്മാർ**

ആ സുവിശേഷഭാഗത്തെ നമുക്ക് ശ്രദ്ധിക്കുകയും അത്തരം വ്യാജപ്രവാചകന്മാർക്ക് സ്വീകരിക്കാൻ കഴിയുന്ന കപടവേഷം മനസ്സിലാക്കുകയും ചെയ്യാം.,



"പാമ്പുപിടുത്തക്കാരെ"പ്പോലെ കാണപ്പെടാൻ അവർക്ക് കഴിയും. മറ്റുള്ളവരെ അടിമകളാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളിടത്തേക്ക് അവരെ നയിക്കാനും വേണ്ടി മാനുഷികവികാരങ്ങളെ ദുരുപയോഗിക്കാൻ അവർക്കു കഴിയും. എത്രയോ ദൈവമക്കളാണ് നിമിഷനേരത്തേക്കുള്ള സുഖങ്ങളാൽ വശീകരിക്കപ്പെടുന്നത്! അവ യഥാർഥസുഖങ്ങളാണെന്ന് അവർ തെറ്റിദ്ധരിക്കുന്നു. 'എത്രയോ സ്ത്രീപുരുഷന്മാരാണ് സമ്പത്തിനെക്കുറിച്ചുള്ള സ്വപ്നത്താൽ ആകർഷിക്കപ്പെടുന്നത്! സമ്പത്താകട്ടെ, അവരെ ലാഭത്തിന്റെയും നിസ്സാര താത്പര്യങ്ങളുടെയും അടിമകളാക്കുന്നു. തങ്ങൾ സ്വയംപര്യാപ്തതയുള്ളവരാണെന്നു കരുതി ജീവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർ ഏകാന്തതയെന്ന കെണിയിൽ പെടുന്നു.'

വ്യാജപ്രവാചകന്മാർക്ക് "മുറിവൈദ്യന്മാരാ"യിരിക്കാനും കഴിയും. അവർ സഹനത്തിന് എളുപ്പമുള്ള താത്കാലിക പരിഹാരം നല്കും. അത് തികച്ചും ഉപയോഗശൂന്യമാണെന്ന് പെട്ടെന്നു തെളിയുകയും ചെയ്യും. ലഹരിവസ്തുക്കളെ സർവരോഗ സംഹാരികളായി കരുതുന്ന എത്രയോ യുവാക്കളുണ്ട്! വലിച്ചെറിയാവുന്ന ബന്ധങ്ങളെയും എളുപ്പമുള്ളതും സത്യസന്ധമല്ലാത്തതുമായ ലാഭങ്ങളെയും അപ്രകാരം കരുതുന്ന എത്രമാത്രം ചെറുപ്പക്കാരുണ്ട്. എത്രയോ പേർ യഥാർഥമല്ലാത്ത അസ്തിത്വത്തിന്റെ കെണിയിൽ പെട്ടിരിക്കുന്നു. അതിൽ ബന്ധങ്ങൾ ക്ഷിപ്രസാധ്യവും ഋജുവുമെന്നു തോന്നും; പക്ഷേ, തികച്ചും അർഥശൂന്യമാണെന്നു തെളിയും. കബളിപ്പിക്കുന്ന നിസ്സാരവസ്തുക്കൾ കച്ചവടം ചെയ്യുന്ന ഇവർ ഏറ്റവും വിലപ്പെട്ട മഹത്ത്വം, സ്വാതന്ത്ര്യം, സ്നേഹിക്കാനുള്ള കഴിവ് എന്നിവ പിടിച്ചു പറിക്കുന്നു. അവർ നമ്മുടെ പൊള്ളയായ സ്വാഭിമാനഭാവത്തെയും ബാഹ്യരൂപത്തിലുള്ള വിശ്വാസത്തെയും ആകർഷിക്കുന്നു. പക്ഷേ, അവസാനം അവ നമ്മെ വിഡ്ഢികളാക്കുകയേ ഉള്ളൂ. ഇതിൽ നമ്മൾ വിസ്മയിക്കേണ്ടതില്ല. എന്തെന്നാൽ "നുണയുടെ പിതാവായ പിശാച്" (യോഹ 8:44) എപ്പോഴും തിന്മയെ നന്മയായും തെറ്റിനെ സത്യമായും കാണിച്ച് മനുഷ്യഹൃദയത്തെ ആശയക്കുഴപ്പത്തിലാക്കുന്നു. അതുകൊണ്ടാണ് ഈ വ്യാജപ്രവാചകരുടെ നുണകൾക്ക് ഇരയാവുന്നുണ്ടോയെന്ന്

ഹൃദയം പരിശോധിച്ചറിയാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. നാം അടുത്തുചെന്നു നോക്കണം; മുകൾപ്പരപ്പിനടിയിൽ നോക്കണം; നമ്മുടെ ഹൃദയത്തിൽ നല്ലതും സ്ഥിരവുമായ മുദ്ര പതിപ്പിക്കുന്നതിനെ തിരിച്ചറിയണം. അങ്ങനെയുള്ളത് ദൈവത്തിൽനിന്നു വരുന്നതാണ്; യഥാർഥത്തിൽ നമ്മുടെ ഉപകാരത്തിനുവേണ്ടിയുള്ളതുമാണ്.

**തണുത്ത ഹൃദയം**

ദാന്തെ അലിഗേരി എന്ന ഇറ്റാലിയൻ മഹാകവി നരകത്തെ വർണിക്കുമ്പോൾ പിശാചിനെ മഞ്ഞുകട്ടയുടെ സിംഹാസനത്തിൽ തണുത്തുറഞ്ഞ് സ്നേഹമില്ലാത്ത ഏകാന്തതയിൽ ഇരിക്കുന്നതായി ചിത്രീകരിക്കുന്നു. നമ്മിൽ പരസ്നേഹം എങ്ങനെ തണുത്തുറഞ്ഞു പോകുമെന്ന് നമ്മോടുതന്നെ നാം ചോദിക്കണം. നമ്മുടെ സ്നേഹം തണുക്കാൻ തുടങ്ങുന്നുവെന്ന് സൂചിപ്പിക്കുന്ന അടയാളങ്ങൾ ഏവയാണ്?

പരസ്നേഹത്തെ നശിപ്പിക്കുന്നത് എല്ലാറ്റിലും ഉപരിയായി പണത്തിനുവേണ്ടിയുള്ള അത്യാഗ്രഹമാണ്. അത് "എല്ലാ തിന്മയുടെയും വേരാണ്" (1 തിമോ 6:10). അതോടെ ദൈവത്തെയും അവിടത്തെ സമാധാനത്തെയും ഉപേക്ഷിക്കും; അവിടത്തെ വാക്കിലും കൂദാശകളിലും കാണുന്ന ആശ്വാസത്തെക്കാൾ കൂടുതലായി നമ്മുടെ ഒറ്റപ്പെടലിനെ ആഗ്രഹിച്ചുപോകും. നമ്മുടെ "ഉറച്ച തീരുമാനങ്ങൾക്ക്" ഭീഷണി ഉയർത്തുന്ന എന്തിനും എതിരേയുള്ള അക്രമത്തിലേക്ക് ഇതെല്ലാം നയിക്കുന്നു: ജനിക്കാനിരിക്കുന്ന കുട്ടി, വൃദ്ധജനം, രോഗികൾ, കുടിയേറ്റക്കാർ, അപരിചിതർ അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷയനുസരിച്ചു ജീവിക്കാത്ത അയൽക്കാർ എന്നിവർക്ക് എതിരേ ഉള്ള അക്രമത്തിലേക്കു തന്നെ.

സൃഷ്ടിതന്നെ പരസ്നേഹത്തിന്റെ തണുത്തുറയ്ക്കലിന്റെ നിശ്ശബ്ദസാക്ഷിയായിത്തീരുന്നു. ശ്രദ്ധയില്ലായ്മകൊണ്ടോ സ്വാർഥതാത്പര്യംകൊണ്ടോ വലിച്ചെറിയുന്നവ ഭൂമിയെ മലിനമാക്കുന്നു; കടലുകൾ മലിനമാക്കുന്നു. നിർബന്ധിച്ചു കുടിയേറ്റപ്പെടുന്നവരുടെ അസംഖ്യം കപ്പൽ അപകടങ്ങളുടെ അവശിഷ്ടങ്ങളെ കടൽ വിഴുങ്ങുന്നു. തന്റെ സ്തുതികൾ പാടാൻവേണ്ടി ദൈവം സൃഷ്ടിച്ച ആകാശം മരണകര



മായ വസ്തുക്കൾ പെയ്യുന്ന യന്ത്രങ്ങൾ വാടകയ്ക്കെടുത്തിരിക്കുകയാണ്.

നമ്മുടെതന്നെ സമൂഹത്തിലും സ്നേഹം തണുത്തു പോകാം. ഈ സ്നേഹമില്ലായ്മയുടെ ഏറ്റവും വ്യക്തമായ അടയാളങ്ങളെ എവാഞ്ചെലീ ഗാവുദിയും (സുവിശേഷത്തിന്റെ സന്തോഷം) എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഞാൻ വിവരിച്ചിട്ടുണ്ട്. സ്വാർഥത, ആധ്യാത്മികമാന്ദ്യം, വന്ധ്യമായ ശുഭാപ്തി വിശ്വാസം, തന്നിൽത്തന്നെ മുഴുകാനുള്ള പ്രലോഭനം, നമ്മുടെയിടയിൽത്തന്നെ നിരന്തരപോരാട്ടം, ബാഹ്യരൂപങ്ങളിൽ മാത്രം താത്പര്യം കാണിക്കുകയും അങ്ങനെ നമ്മുടെ പ്രേഷിതത്വപരമായ ഉത്സാഹത്തെ കുറയ്ക്കുകയും ചെയ്യുന്ന ലൗകിക മനോഭാവം എന്നിവയാണ് ആ അടയാളങ്ങൾ.

**നാം എന്താണു ചെയ്യേണ്ടത്?**

ഞാൻ ഇപ്പോൾ വിവരിച്ച അടയാളങ്ങൾ നമ്മുടെ ഉള്ളിലും നമ്മുടെ ചുറ്റുപാടിലും നാം കാണുന്നുണ്ടായിരിക്കാം. എന്നാൽ നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ മിക്കപ്പോഴും കയ്പുള്ള സത്യമാകുന്ന മരുന്നിനോടൊപ്പം രോഗശമനത്തിനുള്ള മറുമരുന്നും നമുക്കു നല്കുന്നുണ്ട്. പ്രാർത്ഥന, ധർമദാനം, ഉപവാസം എന്നിവയാണ് ആ മറുമരുന്നുകൾ.

**പ്രാർത്ഥന**യ്ക്കായി കൂടുതൽ സമയം ഉപയോഗിക്കുന്നത് നമ്മുടെ രഹസ്യമായ നുണകളെയും ആത്മവഞ്ചനയുടെ രൂപങ്ങളെയും പറിച്ചുകളയാൻ നമ്മുടെ ഹൃദയങ്ങളെ ശക്തിയുള്ളവയാക്കും. അപ്പോൾ ദൈവം തരുന്ന ആശ്വാസം കണ്ടെത്താൻ നമുക്കു കഴിയും. അവിടന്ന് നമ്മുടെ പിതാവാണ്. നാം നന്നായി ജീവിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു.

**ധർമദാനം** അത്യാഗ്രഹത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കും. നമ്മുടെ അയല്ക്കാരെ സഹോദരീ സഹോദരന്മാരായി കാണാൻ നമ്മെ സഹായിക്കും. ഞാൻ സ്വന്തമാക്കിയിരിക്കുന്നതൊന്നും എന്റേതു മാത്രമല്ല. ധർമദാനം നമ്മിൽ ഓരോരുത്തരുടെയും യഥാർഥജീവിതശൈലിയാകാൻ ഞാൻ ഏറെ ആഗ്രഹിക്കുന്നു. ക്രൈസ്തവരെന്ന നിലയിൽ നാം അപ്പസ്തോലന്മാരുടെ മാതൃക പിന്തുടരണം. സഭയിലുള്ള കൂട്ടാ

യ്മയുടെ തൊട്ടുനോക്കാൻ കഴിയുന്ന സാക്ഷ്യമായി നമ്മുടെ സ്വത്തുക്കൾ നാം പങ്കുവയ്ക്കണം. ഞാൻ എത്രയോ ആഗ്രഹിക്കുന്ന കാര്യമാണിത്. ഇക്കാരണത്താൽ വിശുദ്ധ പൗലോസ് ശ്ലീഹാ കൊറീന്ത്യർക്കു നല്കിയ ആഹ്വാനത്തെ പ്രതിധ്വനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജറുസലേമിലെ സഭയ്ക്കുവേണ്ടി സംഭാവന നല്കാനാണ് അദ്ദേഹം ആഹ്വാനംചെയ്തത്. ആ ദാനത്തിൽനിന്ന് അവർക്കു തന്നെ ഉപകാരമുണ്ടാകും (cf 2 കോറി 8:10). ഇത് നോമ്പുകാലത്ത് ഏറെ ഉചിതമായ കാര്യമാണ്. സഭകൾക്കും ആവശ്യത്തിൽ കഴിയുന്നവർക്കുംവേണ്ടി അനേകം ഗ്രൂപ്പുകൾ സംഭാവന ശേഖരിക്കുന്ന കാലയളവാണത്. നമ്മുടെ അനുദിനജീവിതത്തിലും നമ്മുടെ സഹായം യാചിക്കുന്നവരുണ്ട്. അവരുടെ യാചന ദൈവത്തിൽനിന്നു വരുന്നതാണെന്ന് തിരിച്ചറിയണം. നാം ധർമം കൊടുക്കുമ്പോൾ ദൈവത്തിന് തന്റെ ഓരോ ശിശുവിനെയും സംബന്ധിച്ചുള്ള പരിപാലനാപരമായ ശ്രദ്ധയിൽ നാം പങ്കുകാരാവുകയാണ്. ദൈവം ഇന്ന് എന്നിലൂടെ ആരെയെങ്കിലും സഹായിച്ചാൽ അവിടന്ന് നാളെ എന്റെ ആവശ്യങ്ങളിൽ സഹായിക്കാതിരിക്കുമോ? എന്തെന്നാൽ ദൈവത്തെക്കാൾ ഉദാരതയുള്ളവനായി ആരുമില്ല.

**ഉപവാസം** ആക്രമിക്കാനുള്ള നമ്മുടെ വാസനയെ ദുർബലപ്പെടുത്തും. അതു നമ്മെ ആയുധമില്ലാത്തവരാക്കും. വളർച്ചയ്ക്കുള്ള സുപ്രധാനമായ ഒരു സന്ദർഭം നല്കും. ഒരു വശത്ത്, അനാഥരും വിശപ്പു സഹിക്കുന്നവരും എന്താണ് അനുഭവിക്കുന്നതെന്ന് അനുഭവിച്ചറിയാൻ അതു നമ്മെ സഹായിക്കും. മറുവശത്ത്, ദൈവത്തിലുള്ള ജീവിതത്തിനായി നമുക്കുള്ള ആധ്യാത്മിക വിശപ്പും ദാഹവും അതു പ്രകടിപ്പിക്കും. ഉപവാസം നമ്മെ തട്ടിയുണർത്തും. ദൈവത്തെയും അയല്ക്കാരനെയും കൂടുതൽ ശ്രദ്ധിക്കാൻ അതു സഹായിക്കും. ദൈവത്തെ അനുസരിക്കാനുള്ള നമ്മുടെ ആഗ്രഹത്തെ അത് പുനരുജ്ജീവിപ്പിക്കും. അവിടന്ന് മാത്രമാണ് നമ്മുടെ വിശപ്പ് മാറ്റാൻ കഴിവുള്ളവൻ.

കത്തോലിക്കാസഭയുടെ അതിരുകൾക്ക് അപ്പുറത്തുള്ളവരെയും ദൈവത്തിന്റെ ശബ്ദം കേൾക്കാൻ മനസ്സുതുറന്നിട്ടുള്ള സന്മനസ്സുള്ള എല്ലാവരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു പക്ഷേ,



ഞങ്ങളെപ്പോലെ നിങ്ങളും ലോകത്തിൽ അധർമത്തിന്റെ പെരുപ്പംമൂലം അസ്വസ്ഥതയുള്ളവരാകാം. ഹൃദയങ്ങളെയും പ്രവർത്തനങ്ങളെയും തളർത്തുന്ന തണുപ്പിനെപ്പറ്റി നിങ്ങൾക്കും ഉത്കണ്ഠയുണ്ടാകാം. ഒരേ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്ന ബോധം ദുർബലപ്പെടുന്നതായി നിങ്ങൾ കാണുന്നുണ്ട്. അതുകൊണ്ട്, ദൈവത്തോടു യാചിക്കുന്നതിലും ഉപവസിക്കുന്നതിലും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാർക്കു വേണ്ടതെല്ലാം നല്കുന്നതിലും ഞങ്ങളോടു സഹകരിക്കുക.

**ഈസ്റ്ററിന്റെ അഗ്നി**

സർവോപരി, ധർമദാനം, ഉപവാസം, പ്രാർത്ഥന എന്നിവയിൽ നിന്നു ശക്തി സ്വീകരിച്ചു നോമ്പുകാലതീർത്ഥാടനങ്ങൾ നടത്തുവാൻ സഭാംഗങ്ങളെ ഞാൻ നിർബന്ധിക്കുന്നു. പരസ്നേഹത്തിന്റെ തീജ്വാല നിങ്ങളുടെ ഹൃദയത്തിൽ ചിലപ്പോൾ കെട്ടുപോകുന്നതായി തോന്നിയാൽ ദൈവത്തിന്റെ ഹൃദയത്തിൽ ഒരിക്കലും അങ്ങനെ സംഭവിക്കുന്നില്ലെന്ന് അറിഞ്ഞിരിക്കുവിൻ! വീണ്ടും സ്നേഹിച്ചു തുടങ്ങാനുള്ള അവസരം അവിടന്ന് നിരന്തരം നല്കുന്നുണ്ട്.

കൃപാവരത്തിന്റെ അത്തരമൊരു നിമിഷമായിരിക്കും ഈ വർഷവും വീണ്ടും നടത്തേണ്ട “24 മണിക്കൂർ കർത്താവിനുവേണ്ടി” എന്ന കർമം. ദിവ്യകാരുണ്യാരാധനയുടെ സാഹചര്യത്തിൽ അനുരഞ്ജന കൂദാശ ആഘോഷിക്കാൻ അത് മുഴുവൻ സഭാസമൂഹത്തെയും ക്ഷണിക്കുന്നു. അത് 2018 മാർച്ച് 9 വെള്ളി മുതൽ മാർച്ച് 10 ശനിവരെ നടക്കും. സങ്കീർത്തനം 130:4-ൽ പറയുന്ന “അങ്ങു പാപം പൊറുക്കുന്നവനാണ്” എന്ന വാക്കുകളാൽ പ്രചോദിപ്പിക്കപ്പെട്ടതാണത്. ഓരോ രൂപതയിലും ഒരു ദേവാലയമെങ്കിലും തുടർച്ചയായി 24 മണിക്കൂറും തുറന്നിട്ടിരിക്കണം - ദിവ്യകാരുണ്യാരാധനയ്ക്കും കൗദാശിക ഏറ്റുപറച്ചിലിനും വേണ്ടിത്തന്നെ.

ഈസ്റ്ററിന്റെ ജാഗരണദിവസം ഈസ്റ്റർ തിരി കത്തിക്കൽ എന്ന വികാരഭരിതമായ കർമം ഒരിക്കൽക്കൂടി നടത്തും. “പുതിയ തീയിൽ” നിന്നെടുത്ത ഈ പ്രകാശം സാവധാനം ഇരുട്ടിനെ കീഴടക്കുകയും ആരാധനാ സമൂഹത്തെ പ്രകാശിപ്പിക്കുകയും ചെയ്യും. “മഹത്ത്വത്തിൽ

ഉയിർക്കുന്ന ക്രിസ്തുവിന്റെ പ്രകാശം നമ്മുടെ ഹൃദയങ്ങളിലെയും മനസ്സുകളിലെയും ഇരുട്ടിനെ നീക്കിക്കളയട്ടെ." എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാർക്കുണ്ടായ അനുഭവത്തിൽ വീണ്ടും ജീവിക്കാൻ നമ്മെ എല്ലാവരെയും ശക്തരാക്കുകയും ചെയ്യട്ടെ. ദൈവവചനം കേട്ടുകൊണ്ടും ദിവ്യകാരുണ്യമേശയിൽ നിന്നു പോഷണം സ്വീകരിച്ചുകൊണ്ടും നമ്മുടെ ഹൃദയം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ പൂർവാധികം ജ്വലിക്കട്ടെ.

വാത്സല്യത്തോടും നിങ്ങൾക്ക് എല്ലാവർക്കുംവേണ്ടിയുള്ള എന്റെ പ്രാർത്ഥനകളോടും കൂടി ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. എനിക്കു വേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്.

വത്തിക്കാനിൽ നിന്ന് 1 നവംബർ 2017

സകല വിശുദ്ധരുടെയും തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

Prot.No. 0167/2018

## സർക്കുലർ

മിശിഹായിൽ പ്രിയമുള്ള ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ആരാധനക്രമവത്സരമനുസരിച്ച് ദനഹാക്കാലം കഴിഞ്ഞ് നോമ്പുകാലത്തിലേക്ക് നാം പ്രവേശിക്കുകയാണ്. വിദ്യാഭ്യാസം നടത്തുന്ന കുട്ടികളും യുവാക്കളും അവധിക്കാലത്തിലേക്ക് പ്രവേശിക്കുന്ന സമയവുമാണ്. ഈ സന്ദർഭത്തിൽ നമ്മുടെ സഭയുടെ ഒരു പ്രത്യേക ആവശ്യത്തെക്കുറിച്ച് നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു. അത് മറ്റൊന്നുമല്ല, മിഷൻ രൂപതകളിലേക്കുള്ള വൈദികരുടേയും സമർപ്പിതരുടേയും ദൈവവിളിയെക്കുറിച്ചുതന്നെ.

"വിളവധികം വേലക്കാരോ ചുരുക്കം" (മത്താ. 9:37) എന്ന ദിവ്യനാഥന്റെ വാക്കുകൾ നമ്മുടെ സഭയെ സംബന്ധിച്ചും ഇപ്പോൾ കൂടുതൽ അന്വർത്ഥമാണ്. നമ്മുടെ ചില മിഷൻ രൂപതകൾക്കും പ്രേഷിതപ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ വേണ്ടത്ര വൈദികരെ ലഭിക്കുന്നില്ല. ഭാരതം മുഴുവനിലും നമുക്ക് അജപാലനപരവും പ്രേഷിതപ്രവർത്തനപരവുമായ സ്വാതന്ത്ര്യം നൽകിക്കൊണ്ട് പരിശുദ്ധ പിതാവ് ഷംഷാബാദ്, ഹൊസൂർ രൂപതകൾ സ്ഥാപിക്കുകയും തക്കല, രാമനാഥപുരം രൂപതകളുടെ അതിർത്തികൾ വിസ്തൃതമാക്കുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ വൈദികരുടേയും സമർപ്പിതരുടേയും ആവശ്യം വർദ്ധിച്ചിരിക്കുകയാണ്.



കേരളത്തിൽ നിന്നുള്ള വൈദികരെ മിഷൻ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നു. കേരളത്തിലെ വൈദികർക്ക് മിഷൻ പ്രവർത്തനത്തിനാവശ്യമായ പരിശീലനമില്ലാത്തതിനാൽ ആ മേഖലയിലേക്ക് പോകാൻ പലരും വിസമ്മതിക്കുന്നു. കേരളത്തിലെ അജപാലനശൈലി അപ്പാടെ മിഷൻ രൂപതകളിൽ നടപ്പിലാക്കുക സാധ്യമല്ല. അതാത് പ്രദേശങ്ങളിലെ ഭാഷ പഠിക്കേണ്ട ആവശ്യം വെല്ലുവിളികൾ വർദ്ധിപ്പിക്കുന്നു. അതിനാൽ, സഭയുടെ നേതൃത്വത്തിൽ തന്നെ അർത്ഥികളെ സ്വീകരിച്ച് മിഷൻ പരിശീലനം നൽകി വൈദികരായി അഭിഷേകം ചെയ്യാനുള്ള സംരംഭത്തിന് ഇക്കഴിഞ്ഞ ജനുവരി മാസം നടന്ന സഭയുടെ സിനഡ് തീരുമാനമെടുത്തു.

അതിൻപ്രകാരം, ഈ വർഷം തന്നെ സെമിനാരി വിദ്യാർത്ഥികളെ സ്വീകരിച്ച് പരിശീലനം തുടങ്ങാൻ പരിശ്രമിക്കുകയാണ്. നമ്മുടെ രൂപതകളിൽ നിന്ന് മിഷനറി വൈദികരാകാൻ ആഗ്രഹിക്കുന്ന 10-ാം ക്ലാസ്സോ ഉപരി വിദ്യാഭ്യാസ യോഗ്യതകളോ ഉള്ള കുട്ടികളും യുവാക്കളും മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കുരിയായിലെ വൊക്കേഷൻ കമ്മീഷനിൽ അപേക്ഷിക്കേണ്ടതാണ്. കമ്മീഷൻ സെക്രട്ടറിയോടോ മേജർ ആർച്ച് ബിഷപ്പിനോടോ നേരിട്ട് ബന്ധപ്പെടാവുന്നതുമാണ്. കമ്മീഷൻ സെക്രട്ടറിയുടെ അഡ്രസ്സും ഫോൺ നമ്പറും ഈമെയിലും താഴെ കൊടുക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും കുട്ടികളെ വേണ്ടത്ര പ്രോൽസാഹിപ്പിച്ച് നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈ സദുദ്യമത്തിന് സഹകരിക്കുന്ന എല്ലാവരെയും വിളവിന്റെ നാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ഈശോയിൽ സസ്നേഹം,

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

Fr. Sebastian Muttamthottil, MCBS
Secretary, Commission for Vocation
Syro-Malabar Major Archiepiscopal Curia
Mount St. Thomas, Kakkanad, P.B. No. 3110
Kochi - 682 030- India
Mob: +91 9495772184
E-mail: smcvocationcommission@gmail.com

## രൂപതക്കച്ചേരി

*C.22 /2018* **വി. മൂറോൻ**

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച (26.03.2018) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ച് ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കവും വി. മൂറോൻ വെഞ്ചരിപ്പും നടത്തുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേ ദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും.11.30 ന് ആഘോഷമായ ദിവ്യബലിയോടുകൂടി വി. മൂറോൻ വെഞ്ചരിപ്പ് നടത്തി തിരുക്കർമ്മങ്ങൾ സമാപിക്കുന്നതാണ്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ മാർച്ച് 27-ാം തീയതി ചൊവ്വാഴ്ച മുതൽ രൂപതക്കച്ചേരിയിൽ ലഭ്യമായിരിക്കും.

*Bishop*

*C. 23 /2018* **Priests' Study Forum**

A study forum for the Priests of the Doicese of Kothamangalam will be conducted on Tuesday March 13, 2018 from 10.00 am to 4.00 pm at NESTT, Muvattupuzha. All Priests of the Eparchy are expected to participate.

*Bishop*



*C. 24 /2018* **2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ**

ഇടവകകളും, സ്ഥാപനങ്ങളും 2017-18 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഏപ്രിൽ 25, മെയ് 2 തീയതികളിൽ ഓഡിറ്റ് ചെയ്ത് മെയ് മാസ് 20-ാം തീയതിക്കുമുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. പുതിയ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ചുവേണം ഇടവകകളുടെ കണക്കുകൾ തയ്യാറാക്കുവാൻ. സ്ഥാപനങ്ങളുടെ കണക്കുകൾ ടാലി പ്രോഗ്രാമിലാണ് തയ്യാറാക്കേണ്ടത്. ഓഡിറ്റിംഗിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന തീയതികളിൽ അസൗകര്യമുണ്ടെങ്കിൽ ഏപ്രിൽ 15 -നുമുമ്പായി രൂപത പ്രൊക്കുറേറ്ററെ അറിയിക്കേണ്ടതാണ്. താഴെ പറയുന്ന ഫൊറോനകളുടെ കീഴിൽ വരുന്ന എല്ലാ പള്ളികളുടെയും Accounts ഓഡിറ്റ് നടത്തേണ്ടതാണ്.

| | | |
|---|---|---|
| Venue | - | Nirmala College Computer Lab |
| Time | - | 9.30 am - 4.00 pm |
| April 25 | - | ആരക്കുഴ, കാളിയാർ, കരിമണ്ണൂർ, കോതമംഗലം, മൈലക്കൊമ്പ് |
| May 2 | - | മാറിക, മുതലക്കോടം, മുവാറ്റുപുഴ, ഊന്നുകൽ, പൈങ്ങോട്ടൂർ, തൊടുപുഴ, വാഴക്കുളം. |

*Bishop*

*C.25 /2018* **അഭിനന്ദനങ്ങൾ**

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ലിറ്റർജിക്കൽ കമ്മീഷൻ സെക്രട്ടറിയും സീറോമലബാർ സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി കൺവീനറുമായി നിയോഗിക്കപ്പെട്ട ഡോ. ഫ്രാൻസിസ് പിട്ടാപ്പിള്ളിൽ അച്ചന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

*Bishop*

*C.26 /2018* **മലേക്കുരിശ് തീർത്ഥാടനം**

നമ്മുടെ രൂപതയിലെ പൗരാണികമായ ആരക്കുഴ-മലേക്കുരിശിലേയ്ക്കുള്ള തീർത്ഥാടനത്തിനും മലകയറ്റത്തിനും രണ്ടര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലോകമെമ്പാടും ക്രൈസ്തവർ പീഡിപ്പിക്കപ്പെടുകയും ക്രിസ്തീയ വിശ്വാസം ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ

കാലഘട്ടത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് രൂപതാകുടുംബം ഒരുമിച്ച് മലകയറുന്നതും, പ്രാർത്ഥിക്കുന്നതും അനുഗ്രഹപ്രദമാണ്. 2018 മാർച്ച് 23-ാം തീയതി (നാല്പതാം വെള്ളിയാഴ്ച) രൂപതാതലത്തിൽ ആരക്കുഴ-മലേക്കുരിശ് തീർത്ഥാടനം നടത്തുവാൻ ആഗ്രഹിക്കുകയാണ്. അന്നേ ദിവസം രാവിലെ 8.30-ന് മുവാറ്റുപുഴ ഹോളി മാഗി ദൈവാലയത്തിൽ നിന്നും കാൽനടയായി മലേക്കുരിശിലേക്ക് തീർത്ഥാടനം നടത്തുന്നതും തുടർന്ന് മലമുകളിൽ വി. ബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതുമാണ്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ ഇടവകകളിൽ അറിയിച്ച് കഴിയുന്നത്ര വിശ്വാസികളെ ഇതിൽ പങ്കുചേരുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

*Bishop*

### *C. 27/2018* നാമഹേതുക തിരുനാൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും ആശംസകൾ അർപ്പിക്കുന്നതിനായി ഏപ്രിൽ 24-നോടനുബന്ധിച്ചാണല്ലോ നാം രൂപതാദിനം ആഘോഷിക്കുന്നത്. ഈ വർഷത്തെ ആഘോഷം ഏപ്രിൽ മാസം 24-ാം തീയതി ചൊവ്വാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുകയും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

*Protosyncellus*

### *C. 28 /2018* വാർഷിക റിപ്പോർട്ട്

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

### *C. 29/2018* Pastoral Visits - March

| | |
|---|---|
| Vettimattom | 04-03-2018 |
| Perumannoor | 11-03-2018 |
| Pannimattom | 18-03-2018 |

*Chancellor*



### *C.30/2018* Medical Bills

All the medical bills for reimbursement coming under this financial year 2017-18 have to be presented to the finance office before 20th March 2018.

*Procurator*

### *C.31/2018* 2016-2017 -ൽ രൂപതക്കച്ചേരിയിൽ ലഭിച്ച പിരിവുകൾ

| | | | |
|---|---|---|---|
| 1. | H.C. | - | Holy Childhood |
| 2. | B.S. | - | Bible Sunday |
| 3. | P.P. | - | Peter’s Pense |
| 4. | M.S. | - | Mission Sunday |
| 5. | V.F. | - | Vocation Fund |
| 6. | C.M. | - | Communication Media |
| 7. | J.S. | - | Justice Sunday |
| 8. | G.F. | - | Good Friday |
| 9. | Yuva. | - | Yuvajanadinam |
| 10. | Sy.M.S | - | Syro Malabar Mission Sunday |
| 11. | S.D. | - | Sabhadinam |
| 12. | M.V. | - | Madyavirudhadinam |
| 13. | J.F. | - | Jesus' Fraternity |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S. | G.F. | Yuva. | Sy.M.S. | S.D. | M.V. | J.F. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Cathedral | 2000 | 2000 | 3000 | 3000 | 2000 | 1000 | 1000 | - | 1000 | - | 22980 | 1000 | 1000 |
| Alakode | 250 | 250 | 250 | 500 | 250 | 250 | 250 | - | 250 | 250 | 3500 | 250 | 250 |
| Ambikapuram | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 1580 | 500 | 500 |
| Anchiry | 150 | 250 | 300 | 450 | 200 | 200 | 250 | 200 | 200 | 200 | 3100 | 200 | 100 |
| Anicadu | 300 | 300 | 400 | 500 | 300 | 200 | 200 | - | 300 | 500 | 7140 | 200 | 200 |
| Arakuzha | 1000 | 1000 | 6000 | - | 1500 | 1000 | 1000 | 6000 | 1500 | - | 7500 | 1000 | 1000 |
| Arikuzha | 300 | 300 | 300 | 750 | 1250 | 300 | 300 | 1500 | 300 | - | 4500 | 250 | 300 |
| Ayavana | 250 | 250 | 250 | 250 | 250 | 250 | 250 | - | 250 | 250 | 5500 | - | 250 |
| Bethlehem | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 4000 | 200 | 200 |
| Kulappuram | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | - | 1600 | 100 | 100 |
| Chalassery | - | - | - | - | - | - | - | - | - | - | - | - | - |
| Cheenikuzhy | 100 | 200 | 100 | 400 | 100 | 100 | 100 | - | 100 | 100 | 2800 | 100 | 200 |
| Cheppukulam | 50 | 50 | 50 | - | 50 | 50 | 50 | - | 50 | - | 1960 | 50 | 50 |
| Chilavu | 150 | 250 | 1500 | 4000 | 100 | 100 | 100 | - | 250 | 1500 | 2500 | 100 | 100 |
| Chittoor | 100 | 100 | 200 | 200 | 100 | 100 | 100 | 500 | 100 | 200 | 3200 | 100 | 100 |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S. | G.F. | Yuva. | Sy.M.S. | S.D. | M.V. | J.F. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Enanalloor | 100 | 100 | 100 | 200 | 100 | 100 | 100 | - | 100 | - | 1850 | 100 | 100 |
| Ezhalloor | 250 | 250 | 250 | 300 | 250 | 250 | 250 | - | 250 | 300 | 3650 | 250 | 250 |
| Inchathotty | 150 | 150 | 1000 | 150 | 150 | 150 | 150 | - | 150 | - | 850 | 150 | 150 |
| Inchoor | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | - | 3340 | 200 | 200 |
| Kadalikad | 250 | 250 | 250 | 250 | 250 | 250 | 250 | - | 250 | 25250 | 5350 | 250 | 250 |
| Kadavoor | 100 | 100 | 1000 | 1000 | 100 | 100 | 100 | 1500 | 150 | 100 | 3600 | 200 | 100 |
| Kaithapara | - | - | - | - | - | - | - | - | - | - | - | - | - |
| Kalayanthany | 1000 | 1000 | 750 | 1250 | 1000 | 500 | 750 | - | 1000 | 1100 | 8100 | 500 | 500 |
| Kaliyar | 300 | 300 | 500 | 500 | 300 | 300 | 300 | - | 300 | 300 | 5340 | 300 | 300 |
| Kallanickal | 300 | 600 | 1500 | 1600 | 1000 | 500 | - | - | 500 | - | 6800 | - | - |
| Kalloorkad | 200 | 450 | 900 | - | 250 | 200 | 200 | 1000 | 250 | 350 | 9000 | - | - |
| Kaloor | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 6000 | 200 | 200 |
| Karakunnam | - | - | - | - | - | - | - | - | - | - | - | - | - |
| Karimannoor | - | - | - | - | - | - | - | - | - | - | - | - | - |
| Kavakad | 100 | 200 | 300 | 1000 | 100 | 100 | 100 | - | 100 | 200 | 2635 | 100 | 200 |
| Keerampara | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 3400 | 200 | 200 |
| Kodikulam | 200 | 200 | 300 | 500 | 200 | 200 | 200 | - | 200 | 500 | 5700 | 200 | 200 |
| Koduvely | 500 | 1000 | 2000 | 1000 | 500 | 300 | 500 | 1000 | 300 | 500 | 3000 | 200 | 200 |
| Kolady | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | - | 1600 | 100 | 100 |
| Kottappady | 100 | 200 | 200 | 3000 | 200 | 200 | 200 | - | 200 | 2000 | 3000 | 200 | 200 |
| Kuninji | 250 | 250 | 250 | 250 | 250 | 250 | 250 | - | 250 | 250 | 3000 | - | 250 |
| Kuruppampady | 200 | 200 | 250 | 200 | 200 | 200 | 200 | 500 | 200 | - | 6470 | 200 | - |
| Kuthumkal | 50 | 50 | 50 | 100 | 50 | 50 | 50 | 100 | 50 | 100 | 750 | 50 | 50 |
| Kuttampuzha | 200 | 300 | 300 | 300 | 300 | 250 | 300 | 300 | 300 | 300 | 3400 | 300 | 300 |
| Mailacombu | 450 | 450 | 450 | 450 | 450 | 450 | 450 | - | 450 | - | 5780 | - | 450 |
| Malayinchi | 100 | 100 | 100 | 100 | 100 | 100 | 100 | - | 100 | 150 | 100 | 100 | 100 |
| Malippara | 300 | 300 | 300 | 300 | 250 | 250 | 250 | - | 250 | 300 | 2500 | 250 | 250 |
| Mamalakandam | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 750 | - | - |
| Marady | 500 | 500 | 2000 | - | 500 | 500 | 500 | - | 500 | - | 2700 | 500 | 500 |
| Marika | 200 | 500 | 500 | 5500 | - | 500 | 500 | 5000 | 200 | 500 | 6200 | 200 | 200 |
| Mathirappilly | 100 | 100 | 100 | 150 | 100 | 100 | 100 | - | 100 | 150 | 800 | 100 | 100 |
| Meenkunnam | 150 | 150 | 150 | 200 | 200 | 150 | 500 | - | 150 | 400 | 4400 | 150 | - |
| Mekkadambu | 100 | 100 | 200 | 200 | 100 | 100 | 150 | 100 | 150 | - | 900 | 100 | 100 |
| Mudavoor | - | 100 | 100 | 250 | 100 | 100 | 100 | - | 100 | - | 550 | 100 | 100 |
| Mulappuram | 100 | 100 | 200 | 200 | 100 | 100 | 100 | 150 | 100 | 200 | 1250 | 100 | 100 |
| Mullaringad | 300 | 300 | 300 | 400 | 300 | 300 | 300 | - | 300 | 500 | 2600 | 300 | 300 |



| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S. | G.F. | Yuva. | Sy.M.S. | S.D. | M.V. | J.F. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Mundanmudy | 200 | 200 | 200 | 250 | 200 | 200 | 200 | - | 200 | 250 | 2700 | 200 | 200 |
| Muthalakodam | 4000 | 12000 | 8000 | 20725 | - | 5000 | 5000 | - | 5025 | 7250 | 10000 | 15000 | 3000 |
| Muvattupuzha | 1000 | 1200 | 3500 | 7000 | 1800 | 1000 | 1000 | - | 1000 | 1100 | 9800 | 1000 | 600 |
| Mupuzha. East | 1000 | 1500 | 2000 | 3500 | 2000 | 1000 | 1500 | 3500 | 1500 | 6000 | 2800 | 1000 | 1000 |
| Nadukani | 200 | 100 | 100 | 200 | 200 | 100 | 100 | - | 100 | 100 | 3600 | 100 | 400 |
| Nadukara | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | - | 3000 | 500 | 500 |
| Nakapuzha | 500 | 500 | 5000 | 5000 | 1000 | 500 | 500 | - | 500 | 8000 | 9000 | 500 | 500 |
| Nediakad | 400 | 400 | 750 | 1200 | 600 | 300 | 400 | 550 | 600 | 700 | 8600 | 200 | 200 |
| Nediasala | 100 | 200 | 200 | 500 | 200 | 100 | 100 | - | 100 | 100 | 5315 | 100 | 100 |
| Nedungapra | 200 | 200 | 200 | 500 | 200 | 200 | 200 | - | 200 | 500 | 3700 | 200 | 200 |
| Neendapara | 100 | 100 | 200 | 100 | 200 | 100 | 100 | - | 100 | - | - | 100 | 100 |
| Nellimattam | 250 | 350 | 250 | 1000 | 400 | 250 | 250 | 1000 | - | 250 | 8500 | 250 | 250 |
| Nellikuzhy | 150 | 150 | 150 | 150 | 150 | 150 | 150 | - | 150 | 200 | 1800 | 150 | 150 |
| Neriamangalam | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 500 | 200 | 3950 | 500 | 200 |
| Neyyassery | 250 | 250 | 250 | - | 250 | 250 | 250 | - | 250 | 250 | 3250 | 250 | 250 |
| Njarakad | 100 | 100 | 500 | 1000 | 100 | 100 | 100 | 1000 | 100 | 100 | 4090 | 100 | 100 |
| Njayappilly | 100 | 100 | 200 | 300 | 100 | 100 | 200 | 100 | 100 | - | 1900 | 100 | 100 |
| Oonnukal | - | - | - | - | - | - | - | - | - | - | - | - | - |
| Paingottoor | 550 | 550 | 800 | 1100 | 750 | 550 | 550 | 2500 | 550 | - | 8000 | 550 | 550 |
| Pallickamury | 150 | 200 | 1297 | 1586 | 150 | 150 | 125 | 200 | 175 | 200 | 3040 | 150 | 150 |
| Pannimattam | 300 | 400 | 400 | 450 | 350 | 250 | 250 | 400 | 300 | 400 | 4670 | 200 | 100 |
| Parapuzha | 100 | 100 | 200 | - | 100 | 100 | 100 | - | 100 | 100 | 2358 | 100 | 100 |
| Pareekanny | 100 | 100 | 100 | 200 | 100 | 50 | 50 | 100 | 100 | - | 1500 | 50 | 50 |
| Pazhampillichal | 50 | 100 | 100 | 100 | 50 | 100 | 50 | 100 | 50 | 100 | 1030 | 50 | 50 |
| Peringuzha | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 3240 | 200 | 200 |
| Perumannoor | 100 | 100 | 100 | 500 | 100 | 100 | 100 | 250 | 100 | 100 | 2000 | 100 | 100 |
| Peringassery | 50 | 50 | 50 | 50 | 50 | 50 | 50 | - | 50 | 50 | 650 | 50 | 50 |
| Perumballichira | 175 | 175 | 175 | 175 | 175 | 175 | 175 | - | 175 | 175 | 2050 | 175 | 175 |
| Perumballoor | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 200 | 2458 | 200 | 200 |
| Ponnanthanam | 150 | 150 | 1000 | 1500 | 150 | 150 | 150 | 1000 | 150 | 150 | 2714 | 150 | 250 |
| Pooyamkutty | 200 | 200 | 200 | 200 | 200 | 150 | 150 | - | 200 | 200 | 2000 | 150 | 150 |
| Pothanikad | 250 | 250 | 250 | 300 | 250 | 100 | 100 | - | 200 | 100 | 4170 | 200 | 100 |
| Puliyanpara | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 100 |
| Punnamattam | - | - | - | - | - | - | - | - | - | - | - | - | - |
| Purapuzha | 500 | 1000 | 1000 | 1500 | 700 | 500 | 600 | - | 1500 | 700 | 3700 | 500 | 500 |
| Rajagiri | 50 | 50 | 50 | 50 | 50 | 50 | 50 | - | 50 | 50 | 1500 | 50 | 50 |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S. | G.F. | Yuva. | Sy.M.S. | S.D. | M.V. | J.F. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Randar | 200 | 200 | 300 | 500 | 300 | 200 | 200 | - | 200 | - | 2110 | 200 | 200 |
| Thalayanad | 400 | 400 | 400 | 400 | 350 | 400 | 350 | - | 400 | 400 | 2495 | 400 | 400 |
| Thazhuvumkunnu | 500 | 500 | 1000 | 2000 | 500 | 350 | 500 | - | 500 | - | 2700 | 500 | 250 |
| Thennathoor | 150 | 100 | 125 | 150 | 150 | 100 | 100 | 100 | 150 | 125 | 1720 | 100 | 100 |
| Thodupuzha | 2000 | 1750 | 4300 | 4800 | - | 2350 | 2500 | - | 2500 | 1600 | 10264 | 1350 | 1250 |
| Thodupuzha East | 2200 | 3500 | 5000 | 2600 | 2200 | 2050 | 2250 | 5000 | 3050 | - | 2700 | 2000 | 1900 |
| Thommankuth | 250 | 200 | 500 | 1000 | 200 | 200 | 200 | - | 200 | 1000 | 2800 | 200 | 200 |
| Thottakara | 250 | 250 | 600 | 600 | 250 | 250 | 250 | - | 250 | - | 2900 | 250 | 250 |
| Thrikariyoor | 100 | 100 | 100 | 500 | 100 | 100 | 100 | - | 100 | 2370 | 1630 | 100 | 100 |
| Udumpannoor | 300 | 200 | 1000 | 2200 | 500 | 200 | 300 | 2000 | 500 | 500 | 5100 | 250 | 200 |
| Uppukunnu | - | - | - | - | - | - | - | - | - | - | - | - | - |
| Urulanthanny | - | - | - | - | - | - | - | - | - | - | - | - | - |
| Vadakode | 200 | 200 | 200 | 500 | 300 | 200 | 200 | - | 300 | - | 1200 | 100 | 100 |
| Vadattupara | 100 | - | 300 | 400 | 500 | 100 | 100 | 1250 | 200 | 100 | 3570 | 150 | 150 |
| Vandamattam | 100 | 100 | 1250 | 500 | 100 | 100 | 100 | - | 100 | 500 | 3800 | 100 | 100 |
| Vannappuram | 500 | 500 | 500 | 500 | 500 | 500 | 500 | - | 500 | 500 | 5500 | 500 | 500 |
| Vazhakala | 200 | 200 | 200 | 200 | 200 | 200 | 200 | - | 200 | 600 | 2600 | 200 | 200 |
| Vazhakulam | 2130 | 3200 | 15730 | 41720 | 4150 | 2050 | 4210 | 9540 | 3650 | 16700 | 20610 | 3540 | 26870 |
| Vazhapilly East | 200 | 200 | 200 | 300 | 200 | 200 | 200 | - | 200 | 300 | 2500 | 200 | 200 |
| Veliechal | 400 | 600 | 400 | 600 | 600 | 400 | 400 | - | 600 | - | 5450 | 600 | 600 |
| Vettampara | 100 | 100 | 200 | 200 | 100 | 100 | 100 | - | 100 | 200 | 1100 | 100 | 100 |
| Vettimattam | 150 | 150 | 200 | 400 | 200 | 100 | 100 | 200 | 200 | 300 | 2500 | 100 | 100 |

*01-03-2018* *Finance Officer*

## Pr.C. 2/2018 **Report of the Presbyteral Council held on Tuesday, February 09, 2018**

A special meeting of the Presbyteral Council was held on Tuesday 09th February 2018 at the Bishop's House. H.E. Bishop Mar George Madathikandathil presided over the meeting. Twenty seven members were present. The meeting started with a prayer at 03. 00 p.m. V. Rev. Mgr. George Oliapuram welcomed the participants. The report of the previous meeting was read out and it was passed. After the introductory talk the President introduced the topics on the agenda.



The main topic on the agenda was the Emmanuel Retreat Centre at Vazhakulam. Msgr.Cherian Kanjirakompil explained that the issue arose after Dr.Jose George Kottancheril made some allegations against the diocese in the online media. The presbyterium on 30th January proposed to close down the centre. Fr.Thomas Malekudy opined that the second agreement made with Dr.Jose George was unnecessary and should not have been signed. As per the mind of the presbyterium the Director of the retreat centre, Fr.Paul Mailackachalil was asked to stop retreat programmes and to close down the centre gradually. But due to apprehensions about a possible injunction order Fr.Mailackachalil transferred a good part of the belongings of the centre to St.Sebastian's church Enanalloor on 2nd February 2018. A letter informing that the retreat programmes are stopped for the time being is given to Dr.Jose George. Fr. Paul Nedumpuram suggested that the goods transferred should not be a burden for Enanalloor Church and a parish cannot function as a retreat centre. Finally it was concluded that the Emmanuel retreat centre be closed and a decision on a new retreat centre if needed be taken in due time. All the issues regarding the centre must be handled after due consultation with advocates. Any further major decisions must be taken after due consultation in the official bodies of the Diocese.

The issue of Little Theresa's HS at Vazhakulam was considered next. The School is now situated in the land of the convent. CMC Congregation agreed to take over LP section and they are ready to donate three acres of land to the Parish which is necessary for running UP and HS Section. The Council unanimously accepted the proposal.

St.George College Vazhakulam also was taken for discussion. If the parishioners are interested Diocese has no objection regarding construction of a new building and fulfilling the conditions for the approval process. The case of Christu Jyothi School at Malayinkeezhu also was discussed by the members. There are some issues regarding approval of the school. Government has not issued NOC for it. Since the school has been started earlier and has a good number of students, all the efforts may be done to get the approval.

The president proposed for discussion some suggestions of the just-concluded CBCI meeting. A proposal for the formation of a 'Think Tank' including experts in various fields and for the formation of a Legal Cell for continuous legal assistance was passed.

The president then thanked the members for their presence and active participation. With the concluding message and prayer, the meeting came to an end by 5.30 pm.

Secretary

### Pr.C. 3/2018 Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, April 17, 2018 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before March 31, 2018.

*Secretary*

### *PC. 2/2018* Meeting of the Pastoral Council

An ordinary meeting of the Pastoral Council will be held on **Friday, April 20, 2018 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited.

*Secretary*

## മൈനർ സെമിനാരി

### *MS 8 /2018* ദൈവവിളി ക്യാമ്പ്

രൂപതാ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2018 ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 10-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. ഏപ്രിൽ 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം



സെമിനാരിയിൽ വി. കുർബാനയുണ്ടായിരിക്കുന്നതാണ്. ഏപ്രിൽ 10-നാണ് ഇന്റർവ്യൂ. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തു നൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് നല്കുന്ന സഹകരണത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ട്ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

### *MS 9 /2018* അവധിക്കാല ധ്യാനം

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 9 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

### *MS 10 /2018* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | SMS Provincial House | ₹ | 10000 |
| 2 | SABS Provincial House | ₹ | 25000 |
| 3 | One benefactor | ₹ | 1500 |
| 4 | One benefactor | ₹ | 5000 |
| 5 | Jose Thomas Edavazhickal, Kulapuram | ₹ | 5000 |
| 6 | John Tharian Elenjickal, Inchoor | ₹ | 5000 |
| 7 | Joy Varghese Madeckal, Muvattupuzha | ₹ | 6000 |
| 8 | Pauly George Thannickal, Pothanicadu | ₹ | 25000 |
| 9 | One Benefactor Cathedral | ₹ | 25000 |

*Rector*

## വിജ്ഞാനഭവൻ

### *V. 22/2018* വിശ്വാസോത്സവം - ട്രെയിനിംഗ് മാർച്ച് 10 ശനി

ഇത്തവണത്തെ വിശ്വാസോത്സവത്തിന് പുതിയ വർക്ക് ബുക്കുകളാണ് തയ്യാറാക്കിയിരിക്കുന്നത്. വിശ്വാസോത്സവത്തിന് ഒരുക്കമായുള്ള അദ്ധ്യാപക ട്രെയിനിംഗ് പ്രോഗ്രാം മാർച്ച് 10-ാം തീയതി ശനി

യാഴ്ച നെസ്റ്റിൽ വച്ച് നടക്കുന്നതാണ്. 9.30 മുതൽ 3.30 വരെയാണ് സമയം. ഓരോ ഇടവകയിൽനിന്നും രണ്ടുപേർ വീതം സെമിനാറിൽ പങ്കെടുക്കണം.

*V. 23/2018* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 15-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 40 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

*V. 24/2018* **രണ്ടാം സെമസ്റ്റർ പരീക്ഷ**

**ഏപ്രിൽ 7 ശനി**

Std - I - IX - 10.00 am - 12.00 noon

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 6-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 25/2018* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2018 മാർച്ച് 1 മുതൽ 17 വരെ.**

**പരീക്ഷ : ഏപ്രിൽ 7 ശനി**

സമയം : 10.00 am - 12.00 noon

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 2 ബുധൻ**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 6-ാം തീയതി വെള്ളിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.



- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ ഏപ്രിൽ 14-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.

*V. 26 /2018* **B ലിസ്റ്റ്, ഇന്റേണൽ ഫോം**

10, 12 ക്ലാസ്സുകളിലെ B ലിസ്റ്റ്, ഇന്റേണൽ ഫോം എന്നിവ ഏപ്രിൽ 14 ശനിയാഴ്ചയ്ക്കുമുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം. (രണ്ടു സെമസ്റ്ററിലെ മാർക്കും ഇന്റേണൽ മാർക്കും കൂട്ടി എഴുതേണ്ടതാണ്.)

മെയ് 2 ബുധൻ : റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം. (സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 19-ന് അവസാനിക്കുന്നതാണ്.)

*V. 27/2018* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 10 ചൊവ്വ

സമയം : 10.30 - 12.30

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph' HSS |

ഇത്തവണ മുതൽ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഫൊറോന തലത്തിൽ സമ്മാനമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് കുട്ടികൾ ഉത്തരക്കടലാസ്സിൽ ഫൊറോന രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ നമ്പർ എഴുതിയ B ലിസ്റ്റും ഹാൾടിക്കറ്റും ഏപ്രിൽ 7 -ാം തീയതിയിലെ പരീക്ഷാ പേപ്പറിന്റെ കൂടെ ഉണ്ടായിരിക്കുന്നതാണ്.

*V.28/2018* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പ് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 29/2018* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 25**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റകെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2018 ഏപ്രിൽ 25-ാം തീയതി ബുധനാഴ്ച 10.30 am-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 30/2018* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 8 /2018* **യാത്രയയപ്പ്, അവാർഡുദാനം, അഭിവന്ദ്യ പിതാവിന് നാമഹേതുകതിരുനാൾ ആശംസകൾ**

**തീയതി** - 03-03-2018
**സമയം** - 10.00 am
**സ്ഥലം** - NESTT മൂവാറ്റുപുഴ

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകരെയും പ്രധാന അദ്ധ്യാപകരെയും ഈ മീറ്റിംഗിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. 2017-2018 അദ്ധ്യയനവർഷത്തിൽ രൂപതാതലത്തിൽ നടത്തിയ Catechism/Moral Science മത്സര പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് അഭിവന്ദ്യപിതാവ് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. രൂപതയിലെ മികച്ച



സ്കൂളുകൾക്കും അദ്ധ്യാപക- അനദ്ധ്യാപകർക്കുമുള്ള അവാർഡുകളും ഈ സമ്മേളനത്തിൽ വച്ചു നൽകുന്നതാണ്.

*Edn.9/2018* **ശ്രീ. ജോസ് പിട്ടാപ്പിള്ളിൽ സ്കോളർഷിപ്പ്**

കോതമംഗലം രൂപതാവിദ്യാഭ്യാസ ഓഫീസിൽ 42 വർഷം സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ശ്രീ. ജോസ് പിട്ടാപ്പിള്ളിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് 2016-17 അദ്ധ്യയനവർഷം അർഹയായിരിക്കുന്നത് മുതലക്കോടം സെന്റ് ജോർജ്ജ് ഹയർ സെക്കന്ററി സ്കൂളിലെ പത്താംക്ലാസ്സ് വിദ്യാർത്ഥിനി ദേവി നന്ദന കെ.എസ്. കൊറ്റാംഞ്ചേരിൽ തൊടുപുഴ എന്ന വിദ്യാർത്ഥിനിയാണ്. മാർച്ച് 3-ാം തീയതി നെസ്റ്റിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ പ്രസ്തുത കുട്ടിക്ക് അഭിവന്ദ്യപിതാവ് സ്കോളർഷിപ്പ് നൽകുന്നതാണ്.

*Edn. 10/2018* **പ്രധാനഅദ്ധ്യാപക യോഗം**

2018 മാർച്ച് 3-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ എല്ലാ പ്രധാനഅദ്ധ്യാപകരും, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നുള്ള സ്റ്റാഫ് സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എൽ.പി., യു.പി. വിഭാഗത്തിൽ നിന്ന് ഹെഡ്മാസ്റ്റർമാർ മാത്രം പങ്കെടുത്താൽ മതി. സ്കൂൾ മെയിന്റനൻസ് Fund -ന്റെ കണക്ക് തദവസരത്തിൽ അവതരിപ്പിക്കുന്നതാണ്.

*Edn. 11/2018* **ഫണ്ട് സ്വീകരണം**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയോ MLA, MP, തുടങ്ങിയവരുടെയൊ ഏതെങ്കിലും തരത്തിലുള്ള സഹായഫണ്ടുകൾ സ്വീകരിക്കുന്നതിനുമുമ്പ് അക്കാര്യം രേഖാമൂലം ഇവിടെ അറിയിക്കേണ്ടതാണ്. ഇവിടെ നിന്ന് രേഖാമൂലം അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഫണ്ടുകൾ സ്വീകരിക്കാവൂ എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Secretary*

# സോഷ്യൽ സർവീസ്

*SS. 9 /2018* **ക്രെഡിറ്റ് യൂണിയൻ ലീഡേഴ്സ് മീറ്റ്**

സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയൻ ഭാരവാഹികൾക്കുള്ള ദ്വിദിന നേതൃത്വപരിശീലനം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. കെ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ടോമി കൈതവേലിൽ അദ്ധ്യക്ഷത വഹിച്ചു. മോട്ടിവേഷണൽ ട്രെയിനർ കെ.പി. അജേഷ് പരിശീലനത്തിന് നേതൃത്വം നൽകി. ക്യാമ്പിന്റെ ഭാഗമായി ആലപ്പുഴയിലേക്ക് പഠനവിനോദയാത്ര സംഘടിപ്പിച്ചു. വിവിധ ക്രെഡിറ്റ് യൂണിയനുകളിൽ നിന്നുമായി നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

*SS. 10 /2018* **ആശാകിരണം ചികിത്സാസഹായം**

ആശാകിരണം കാൻസർ സുരക്ഷാനിധിയുടെ ചികിത്സാസഹായമായി 2018 ജനുവരി മാസം 256100 രൂപ നൽകുകയുണ്ടായി.

*Director*

# തിരുബാലസഖ്യം

*HC 5 /2018* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

ഈ വർഷത്തെ തിരുബാലസഖ്യ പ്രവർത്തനങ്ങളുടെ രൂപതാതല ഉദ്ഘാടനം ഫെബ്രുവരി 10-ാം തീയതി ബഹു. മോൺ. ജോർജ്ജ് ഓലിയപ്പുറം നിർവഹിച്ചു. തിരുബാലസഖ്യദിനമായി ആഘോഷിച്ച അന്നേദിവസം നടന്ന സമ്മേളനത്തിൽ വിവിധ ശാഖകളിൽ നിന്നായി ഇരുന്നൂറോളം പേർ പങ്കെടുത്തു. തദവസരത്തിൽ ആനിമേറ്റേഴ്സ് സംഗമവും നടത്തപ്പെട്ടു.

തിരുബാലസഖ്യം 2018-19 പ്രവർത്തനവർഷ മാർഗ്ഗരേഖ ജൂൺ മാസം നടത്തപ്പെടുന്ന ആനിമേറ്റേഴ്സ് മീറ്റിൽ വച്ച് പ്രകാശനം ചെയ്യുന്നതാണ്.

*Director*



# ചെറുപുഷ്പ മിഷൻലീഗ്

*CML10 /2018* **മിഷൻ റാണി ഡയറി നിർമ്മാണമത്സര വിജയികൾ**

വാഴ്ത്തപ്പെട്ട സി. റാണി മരിയ അനുസ്മരണത്തോടനുബന്ധിച്ച് രൂപതാ തലത്തിൽ നടത്തിയ 'മിഷൻ റാണി' ഡയറി നിർമ്മാണ മത്സരത്തിൽ വിജയിച്ചവർ:

I st Sera Rose Antony, Karakkunnam

II nd Thushara Jins, Thodupuzha

III rd Anna Rajeev Thottumarickal, Vazhakulam

**പ്രോത്സാഹന സമ്മാനത്തിനർഹരായവർ**

ജിൻസി വി. ജെ. വള്ളോത്തിൽ, ചെപ്പുകുളം, സോനാ കെ. സണ്ണി, വണ്ണപ്പുറം, ആൽവിൻ ഫ്രാൻസീസ് ജോഷി കാളിയാർ, സിൻജു ജെയിംസ് പുലിയൻപാറ, സെന്റ് മൈക്കിൾ ചർച്ച് രണ്ടാർ, ജോയൽ വി. മാതിരപ്പിള്ളി, ആൽബിൻ സനീഷ് കാളിയാർ, സജന സജീവ് പന്നിമറ്റം, സ്റ്റിഫാനി പി. ടോം പന്നിമറ്റം, എബിലിൻ റോസ് ബെന്നി വണ്ണപ്പുറം, അതുൽ മരിയ സജി തലയനാട്, ജെഫിൻ മോൻസി കോതമംഗലം, ഡോണ ബെന്നി തൊടുപുഴ, ജോമോൾ സിജോ മാമലക്കണ്ടം, അനന്യ വിൻസെന്റ് പൈങ്ങോട്ടൂർ, സെന്റ് മേരീസ് ചർച്ച് നീണ്ടപാറ, എമി മറിയം ജോയി വാഴക്കുളം, എൽസാ ടോമി പാറപ്പുഴ, മോനി മോനിച്ചൻ നാടുകാണി, അനഘ ഫ്രാൻസി നെടിയശാല, അനീറ്റ ബിജു കാരക്കുന്നം, സി.എം. എൽ. വാഴക്കുളം, സെന്റ് സേവ്യർ ചർച്ച് പോത്താനിക്കാട്, ഡോണ മരിയ സണ്ണി നെടിയശാല, ആഷിത ജോസ് കോതമംഗലം, സെന്റ് ജോസഫ് ചർച്ച് നെല്ലിക്കുഴി, മരിയ ബിനോയി കല്ലാനിക്കൽ, ആഷ്ലി സാജു നാകപ്പുഴ, നിർമ്മല മാതാ ചർച്ച് മൂവാറ്റുപുഴ, ആൻ മരിയ ജോസ് പാറപ്പുഴ, അൻസിയ എം.ജി. നെയ്യശ്ശേരി, സൈറ റോസ് ബേബി കുറുപ്പംപടി, സെന്റ് ജോസഫ്സ് ചർച്ച് പെരുമ്പിള്ളിച്ചിറ, എബിൻ എം ജോർജ്ജ് മലയിഞ്ചി, ബെൻസി ആന്റണി മാമലക്കണ്ടം.

*CML11 /2018* **കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസമത്സര വിജയികൾ**

രൂപതാതലത്തിൽ ഡയറക്ടേഴ്സിനും, ജോയിന്റ് ഡയറക്ടേഴ്സിനും അല്മായർക്കുമായി നടത്തപ്പെട്ട കുഞ്ഞേട്ടൻ അനുസ്മരണ ഉപന്യാസ മത്സരത്തിൽ സമ്മാനാർഹരായർ.

**ഡയറക്ടേഴ്സ് & ജോയിന്റ് ഡയറക്ടേഴ്സ്**

1) റവ. ഫാ. മാത്യു കിഴക്കേടത്ത്

2) സി. ഡാന്റി എസ്.എച്ച്., തൊടുപുഴ

3) സി. ജെസ്മി എസ്.എച്ച്, തൊടുപുഴ

**അല്മായർ**

1) മഞ്ജു വർഗീസ് കളപ്പുരയ്ക്കൽ, തൊടുപുഴ

2) ജോയി ചെറിയാൻ കുറ്റപ്പിള്ളിൽ, പോത്താനിക്കാട്

3) മരിയ ബോണി മലേക്കുടിയിൽ, പൈങ്ങോട്ടൂർ

### *CML12 /2018* ക്രിസ്റ്റീൻ ധ്യാനം

കുട്ടികൾക്കായുള്ള അവധികാല ധ്യാനം ഏപ്രിൽ മാസത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു ബഹു. സലേഷ്യൻ അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തുന്നു.

8-ാം ക്ലാസ് മുതൽ +2 വരെയുള്ള കുട്ടികൾക്കുള്ള ധ്യാനം ഏപ്രിൽ 9-ാം തീയതി രാവിലെ 9.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 11-ാം തീയതി വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നു.

4-ാം ക്ലാസ്സ് മുതൽ 7-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കുള്ള ധ്യാനം ഏപ്രിൽ 25-ാം തീയതി രാവിലെ 9 മണിക്ക് ആരംഭിച്ച് ഏപ്രിൽ 27-ാം തീയതി 4.00 മണിക്ക് അവസാനിക്കുന്നു.

ധ്യാനത്തിന്റെ ഫീസ് 500 രൂപയായിരിക്കും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം ഏപ്രിൽ 2-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയക്കേണ്ടതാണ്.

### *CML13 /2018* ശാഖാ ഇലക്ഷൻ

2018-19 പ്രവർത്തനവർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോട് അനുബന്ധിച്ച് നടത്താൻ ശ്രദ്ധിക്കുമല്ലോ. ശാഖാ ഓർഗനൈസർ സ്ഥാനത്തേയ്ക്ക് RP അംഗങ്ങളെയോ ഡിഗ്രി, പി.ജി. വിദ്യാർത്ഥികളെയോ തിരഞ്ഞെടുക്കുന്നത് ഉചിതമായിരിക്കും. ശാഖാതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഇത് ഉപകരിക്കും.



### *CML14 /2018* പഴങ്കടലാസുകൾ ബൈബിളുകളാകട്ടെ

കഴിഞ്ഞ രണ്ടു വർഷങ്ങളിലും വിശ്വാസോത്സവത്തോടനുബന്ധിച്ച് 'ഫിയാത്ത് മിഷൻ' നടത്തുന്ന ബൈബിൾ വിതരണ പദ്ധതിയ്ക്കായി പഴയ നോട്ടുബുക്കുകൾ ശേഖരിച്ചിരുന്നു. ഈ വർഷവും എല്ലാ യൂണിറ്റികളിലും പഴയ നോട്ടുബുക്കുകൾ, പുസ്തകങ്ങൾ, ദിനപത്രങ്ങൾ എന്നിവ ശേഖരിച്ച് പള്ളിയിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫിയാത്ത് മിഷൻ പ്രവർത്തകർ പള്ളിയിൽ വന്ന് ഇവ ശേഖരിക്കുന്നതാണ്.

*Director*

## കെ.സി.എസ്.എൽ.

### *KCSL 6/2018* രൂപതാ ക്യാമ്പ്

കെ.സി.എസ്.എൽ രൂപതാ നേതൃത്വപരിശീലന ക്യാമ്പ് 2018 ഏപ്രിൽ മാസം 20-23 തീയതികളിലായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുകയാണ്. മധ്യവേനലവധികാലത്ത് നടത്തപ്പെടുന്ന ക്യാമ്പിലേയ്ക്ക് നേതൃത്വത്തിലേക്കുയരാനുള്ള ആഗ്രഹവും അർപ്പണബോധവുമുള്ള കുട്ടികളെയാണ് പ്രതീക്ഷിക്കുന്നത്. യു.പി., എച്ച്.എസ്., എച്ച്. എസ്.എസ്. വിഭാഗങ്ങളിൽനിന്നായി കുറഞ്ഞത് അഞ്ച് കുട്ടികളെ വീതം പറഞ്ഞയയ്ക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുന്നവരുടെ എണ്ണം മാർച്ച് 23-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

### *FA 14 /2018* മലേക്കുരിശ് തീർത്ഥാടനം

രൂപതയുടെ ആഭിമുഖ്യത്തിൽ മാർച്ച് 23 നാൽപതാം വെള്ളിയാഴ്ച നടത്തുന്ന മലേക്കുരിശ് തീർത്ഥാടനത്തിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഇടവക, വാർഡ്തല ഭാരവാഹികൾ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*FA 15 /2018* **പോസ്റ്റ്മാര്യേജ് കൂട്ടായ്മ**

2017 മാർച്ച് മാസത്തിൽ NESTT-ൽ Pre-marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം മാർച്ച് 11 ഞായർ രാവിലെ 10 മുതൽ 2 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബ്ബാന, ദിവ്യകാരുണ്യആരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹവിരുന്ന് എന്നിവയും നടത്തപ്പെടും.

*FA 16 /2018* **രൂപത എക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് 2018 മാർച്ച് 21 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 17 /2018* **രാത്രി ആരാധന**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന മാർച്ച് 9 വെള്ളിയഴ്ച വൈകിട്ട് 6 മുതൽ രാത്രി 1 മണിവരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽവച്ച് നടത്തപ്പെടുന്നു.

*FA 18 /2018* **കുടുംബനവീകരണ ധ്യാനം**

കുടുംബനവീകരണ ധ്യാനം മാർച്ച് 16 വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ 18-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 19/2018* **Marriage Preparation Courses in Kerala, 2018 MARCH**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Alappuzha | 8113934970 | 2-4 | | | |
| Bathery | 9526455266 | | | | 22-24 |
| Changanacherry | 0481-2424476 | 5-7 | | 16-18 | 22-24 |
| Ernakulam (Kaloor) | 0484-2533077 | 4-6 | 12-14 | | 26-28 |
| Ernakulam (Kalady) | 0484-2462607 | 13-15 | 20-22 | | |
| Idukki | 04864222632,9447777935 | | 12-14 | | 23-25 |
| Irinjalakuda | 0480-2880439,9447992216 | 5-7 | 12-14 | 19-21 | |
| Kanjirappally | 0482-8205628,9497096431 | | 5-7 | 15-17 | 22-24 |
| Kochi (Latin) | 0484-2328077,8547723791 | | 8-11 | | 22-25 |
| Kollam (Latin) | 0474-2749349,9645671314 | | 7-9 | 14-16 | 21-23 |



| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Kothamangalam | 0485-2989222,9495011191 | | 7-9 | | 21-23 |
| Kottappuram (Latin) | 0480-2807733,9446605551 | | 7-9 | | |
| Kottayam | 04812790947,9495080049 | | | | 26-28 |
| Mananthvady | 0493-5241335,9567764944 | | | 18-21 | |
| Mavelikkara (Malankara) | 9447280528 | 10-12 | | | |
| Neyyattinkara (Latin) | 9447005093 | 7-9 | | | |
| Palai | 0482-2210049 | 12-14 | | 26-28 | |
| Palakkad | 8281340073 | 5-8 | | | |
| Pathanamthitta | 9496806089 | 10-12 | | | |
| Punalur | 9497578852 | 8-11 | | | |
| Thalassery | 0490-2343414,9446679001 | 6-8 | 13-15 | 20-22 | |
| Thamarassery | 0495-2730860,9495693810 | | 6-9 | | 20-22 |
| Thiruvalla | 9895556074 | 6-8 | | 20-22 | |
| Thiruvananthapuram(latin | 9895092479 | 2-4 | | 19-21 | |
| Thiruvananthapuram(malankara) | 8304841964 | 9-11 | | | |
| Thrissur | 0487-2336066,9605043327 | | 7-9 | 21-23 | |
| Varappuzha | 0484-2393739 | 2-4 | | 16-18 | |
| Vijayapuram | 9447182300 | 8-10 | | | |

*Director*

## മാതൃവേദി

*MV 7/2018* **വനിതാദിനം**

2018 മാർച്ച് 5-ന് നമ്മുടെ രൂപതയിൽ മാതൃവേദിയുടെയും വനിതാ കമ്മീഷന്റെയും സംയുക്താഭിമുഖ്യത്തിൽ രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് വനിതാദിനാചരണവും മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിക്കുന്നു.

വനിതാദിനാചരണത്തോടനുബന്ധിച്ച് മുൻകാലങ്ങളിൽ മാതൃവേദിക്ക് രൂപതാതലത്തിൽ നേതൃത്വം നൽകിയവരെയും ഓരോ ഫൊറോനയിൽ നിന്നും 55 വയസ്സിൽ താഴെ പ്രായമുള്ള ദമ്പതികളിൽ ഏറ്റവും കൂടുതൽ കുഞ്ഞുങ്ങളുള്ള ഓരോ കുടുംബത്തെയും ആദരിക്കുന്നു. അന്ന് ഡോ.സുമ ക്ലാസ്സിന് നേതൃത്വം നൽകും. അതോടൊപ്പം പ്രോലൈഫ് എക്സിബിഷനും സംഘടിപ്പിച്ചിട്ടുണ്ട്.

*MV 8/2018* **ഉണർവ്വ്**

ഉണർവ്വ് 2017 1st ബാച്ചിന്റെ certificate വിതരണവും ഉണർവ്വ് IInd ബാച്ചിന്റെ ഉദ്ഘാടനവും ജനുവരി 29-ാം തീയതി അഭിവന്ദ്യ പിതാവ് മാർ ജോർജ് പുന്നക്കോട്ടിൽ നെസ്റ്റിൽവച്ച് നിർവ്വഹിച്ചു. ഉണർവ്വിന്റെ ക്ലാസ് എല്ലാ മാസവും 3-ാം ചൊവ്വാഴ്ച്ചകളിൽ നടത്തുന്നു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 15/2018* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

ഫെബ്രുവരി 1-ാം തീയതി മുതലക്കോടത്തും 13-ാം തീയതി തൊടുപുഴയിലും 22-ാം തീയതി വാഴക്കുളത്തും 23-ാം തീയതി വീണ്ടും മുതലക്കോടത്തും ഫൊറോന കമ്മിറ്റി യോഗങ്ങൾ ചേർന്നു. തൊടുപുഴയിലും വാഴക്കുളത്തും ഫൊറോന കൺവെൻഷനുകളോടനുബന്ധിച്ചുള്ള ആലോചനായോഗങ്ങളും മുതലക്കോടത്ത് ഡ്രീംലൈൻ പ്രോജക്റ്റിനോടനുബന്ധിച്ചുള്ള ബോധവൽക്കരണ യോഗവുമാണ് നടന്നത്.

*DFC 16/2018* **തൊടുപുഴ ഫൊറോന കൺവെൻഷൻ**

DFC തൊടുപുഴ ഫൊറോന തല കൺവെൻഷൻ ഫെബ്രുവരി 18 ഞായറാഴ്ച 1.30 pm മുതൽ 4.00 pm വരെ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ച് നടന്നു. രൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് ഓലിയപ്പുറം സമ്മേളനം ഉദ്ഘാടനം ചെയ്തു. DFC സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണഞ്ചിറ "സമുദായം നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. ഫൊറോനയിലെ 12 ഇടവകകളിൽ നിന്നും വികാരിയച്ചന്മാരും DFC പ്രവർത്തകരും സിസ്റ്റേഴ്സും പങ്കെടുത്തു. രൂപതാ ഫൊറോനാ ഭാരവാഹികൾ നേതൃത്വം നല്കി.

*DFC 17/2018* **പാരീഷ് വിസിറ്റ്**

തൊടുപുഴ ഫൊറോനയിലെ 12 ഇടവകകളിലും DFC രൂപത ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ഫൊറോന വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഫെബ്രുവരി 14-ാം തീയതി സന്ദർശനം നടത്തി.



*DFC 18/2018* **DFC സ്റ്റേറ്റ് കമ്മിറ്റി**

ഫെബ്രുവരി 15 വ്യാഴാഴ്ച കോട്ടയം ദീപിക ഓഫീസിൽ വച്ച് DFC സ്റ്റേറ്റ് കമ്മിറ്റി യോഗം ചേർന്നു. രൂപതയിൽ നിന്നും ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ പങ്കെടുത്തു.

*DFC 19/2018* **വാഴക്കുളം ഫൊറോന കൺവെൻഷൻ**

DFC വാഴക്കുളം ഫൊറോന കൺവെൻഷൻ മാർച്ച് 4 ഞായറാഴ്ച 1.30 pm -ന് വാഴക്കുളം സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ വച്ച് ചേരുന്നതാണ്.

*DFC 20/2018* **പരിഷ്ക്കരിച്ച പത്രത്തിന്റെ ലോഞ്ചിംഗും സംസ്ഥാന കൺവെൻഷനും**

പുതിയ പ്രസിൽ നിന്നും അച്ചടിക്കുന്ന ദീപിക പത്രത്തിന്റെ ലോഞ്ചിംഗും DFC സംസ്ഥാന കൺവെൻഷൻ, റാലി എന്നിവയും മെയ് 26 ശനിയാഴ്ച പാലായിൽ വച്ച് നടക്കും.

*Co-ordinator*

## യുവദീപ്തി

*YD 4/2018* **യുവജനവർഷ ഉദ്ഘാടനം**

യുവദീപ്തി- കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ 2018 പ്രവർത്തനവർഷ ഉദ്ഘാടനവും രൂപതയിലെ യുവജനവർഷാചരണത്തിന്റെ ഉദ്ഘാടനവും മാർച്ച് 10 ശനിയാഴ്ച 1.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നതാണ്. അന്നേദിവസം നേതൃത്വപരിശീലന ക്ലാസും കർമ്മപദ്ധതി പ്രകാശനവും നടത്തുന്നതാണ്. എല്ലാ ഡയറക്ടർ അച്ചന്മാരും ആനിമേറ്റർ സിസ്റ്റേഴ്സും ഫൊറോന യൂണിറ്റ് ഭാരവാഹികളും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*YD 5/2018* **യുവജനധ്യാനം**

രൂപതയിലെ യുവജനങ്ങൾക്കായി 'നിറവ് 2018' യുവജനധ്യാനം ഏപ്രിൽ 14-17 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

*Director*

# ജീസസ് യൂത്ത്

*JY 9/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 9-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നൈറ്റ് വിജിൽ നടത്തി. അടുത്ത നൈറ്റ് വിജിൽ മാർച്ച് 10-ാം തീയതി നടത്തുന്നതാണ്.

*JY 10/2018* **Pro-life Exhibition**

ജീസസ് യൂത്ത് നിർമ്മല കോളേജിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് ഫെബ്രുവരി 19, 20 തീയതികളിൽ 'തുറക്കാത്ത കണ്ണുകൾക്കായ്' എന്ന പേരിൽ Pro-life Exhibition നടത്തി.

*Animator*

# ഡി.സി.എം.എസ്.

*DCMS 1 /2018* **ജീവിതദർശനക്യാമ്പ്**

DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ 4-ാം ക്ലാസു മുതൽ ഡിഗ്രി വരെയുള്ള DCMS കുട്ടികൾക്കായി 2018 ഏപ്രിൽ 11-14 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ജീവിതദർശന ക്യാമ്പ് നടത്തുന്നു. പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾ നയിക്കുന്നതായിരിക്കും. ഏപ്രിൽ 11-ന് 10.00 am ന് ആരംഭിച്ച് 14-ന് 4 മണിയോടുകൂടി അവസാനിക്കുന്നു. ബ. വികാരിയച്ചന്മാർ ഈ വിവരം പള്ളിയിൽ അറിയിക്കുമല്ലോ.

*Director*

# ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 11 /2018* **ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം**

നൂറുവർഷത്തെ ചരിത്രപാരമ്പര്യമുള്ള കത്തോലിക്കകോൺഗ്രസ്സിന്റെ ശതാബ്ദി ആഘോഷിക്കുകയാണ്. ആഘോഷപരിപാടികളുടെ ഉദ്ഘാടനം 22-01-2018-ൽ തൃശൂരിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. 2018 മെയ് 13-ാം തീയതി തൃശൂരിൽ വച്ചു നടത്തുന്ന സമാപന സമ്മേളനത്തിൽ ഒരുലക്ഷം പേരെ പങ്കെടുപ്പിക്കണമെന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന കേന്ദ്ര വർക്കിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചു.



*AKCC 12 /2018* **സാംഗ്ളി മിഷൻ സന്ദർശനം**

കത്തോലിക്ക കോൺഗ്രസ്സിന്റെ "മിഷനെ അറിയുക മിഷനറിയാകുക" എന്ന മുദ്രവാക്യം ഉൾക്കൊണ്ട് കോതമംഗലം രൂപത ദത്തെടുക്കുന്ന സാംഗ്ളി മിഷൻമേഖലയിൽ രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടും ട്രഷറർ ശ്രീ. ജോൺ മുണ്ടൻകാവിലും സന്ദർശനം നടത്തുകയുണ്ടായി.

എം.എസ്.റ്റി. വൈദീകരുടെ നേതൃത്വത്തിൽ മറ്റു സന്യാസസഭകളുടെ സഹകരണത്തോടെ അവിടെ നമ്മുടെ മിഷനറിമാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹങ്ങളാണ്. ശാരീരികവും മാനസീകവുമായി വൈകല്യമുള്ളവരെ പരിചരിച്ച് സ്വയം പര്യാപ്തരാക്കുക, സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരേയും എച്ച്.ഐ.വി. പോലുള്ള രോഗബാധിതരേയും പുനരുദ്ധരിച്ച് സമൂഹത്തിലെ മുഖ്യധാരയിലേക്ക് എത്തിക്കുക, പാവപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനുവേണ്ട പരിശീലനം നല്കുക എന്നിവയാണ് സുവിശേഷവൽക്കരണത്തോടൊപ്പം നമ്മുടെ മിഷനറിമാർ അവിടെ ചെയ്യുന്നത്.

എം.എസ്.റ്റി. സഭയുടെ സുവർണ്ണ ജൂബിലി സമ്മേളനത്തിൽ സാംഗ്ളിമിഷനിലെ 21 മിഷൻ കേന്ദ്രങ്ങൾ ദത്തെടുക്കുന്ന സമ്മതപത്രം രൂപത പ്രസിഡന്റും ട്രഷററും ചേർന്ന് സാംഗ്ളി മിഷൻ വികാരി ജനറാൾ റവ. ഫാ. ജോസ് ചെറിയമ്പനാട്ടിന് കൈമാറി.

*AKCC 13 /2018* **കർഷക അവഗണനയ്ക്കും, പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനയ്ക്കുമെതിരെ ധർണ**

കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ 09-02-2018 -ൽ മൂവാറ്റുപുഴ ഹെഡ്പോസ്റ്റോഫീസിന് മുമ്പിൽ കർഷക അവഗണനയ്ക്കും, പെട്രോൾ വില വർദ്ധനവിനെതിരേയും ധർണ നടത്തി. ധർണയോട് അനുബന്ധിച്ച് പ്രധാനമന്ത്രിക്ക് കൊടുക്കാനുള്ള മെമ്മോറാണ്ടത്തിന്റെ ഒപ്പുശേഖരണവും നടത്തി.

രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണ ഉദ്ഘാടനം ചെയ്തത് കേന്ദ്ര പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലമാണ്. റവ. ഫാ. പോൾ നെടുമ്പുറത്ത്, പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിൽ, ജോസ് ചെറിയാൻ, ജോൺ മുണ്ടൻകാവിൽ, അഡ്വ. ജോസ് ഇലഞ്ഞിക്കൽ, ജോസഫ് മൂലശ്ശേരി, ജേക്കബ് തോമസ് എന്നിവർ പ്രസംഗിച്ചു. ധർണയിൽ 125 പേർ പങ്കെടുത്തു.

*Director*

## ഇൻഫാം

*INF 3 /2018* **കാർഷിക അവഗണനയ്ക്കെതിരെ കർഷക പ്രസ്ഥാനങ്ങൾ സംഘടിച്ച് പ്രക്ഷോഭം ആരംഭിക്കും**

കേന്ദ്ര സംസ്ഥാന സർക്കാർ ബജറ്റുകളിലെ കാർഷികമേഖലയോടുള്ള അവഗണനയിലും പുത്തൻ നികുതികൾ കർഷകരുടെമേൽ അടിച്ചേല്പിക്കുന്ന നിർദ്ദേശങ്ങളിലും പ്രതിഷേധിച്ച് ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷകപ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് പ്രക്ഷോഭണമാരംഭിക്കുവാൻ തീരുമാനിച്ചു.

കഴിഞ്ഞ വർഷങ്ങളിലെ കേന്ദ്രസർക്കാർ ബജറ്റുപ്രഖ്യാപനങ്ങളിൽ നടപടികളില്ലാതെ ഇന്ത്യയുടെ കാർഷിക വളർച്ച തകർന്നടിയുകയും രാജ്യത്തുടനീളം കർഷക ആത്മഹത്യകൾ പെരുകുകയും ചെയ്തിട്ടും പഴയ നിർദ്ദേശങ്ങൾ തന്നെ വീണ്ടും ആവർത്തിച്ചിരിക്കുന്നത് വിരോധാഭാസമാണ്. പന്ത്രണ്ടുലക്ഷം ജനങ്ങളുടെ ആശ്രയമായ റബ്ബറിനെ കേന്ദ്രസർക്കാർ പുറന്തള്ളിയപ്പോൾ റബ്ബർ കർഷകർക്കായി മനുഷ്യച്ചങ്ങല തീർത്ത് സംസ്ഥാനത്ത് അധികാരത്തിൽവന്ന എൽഡിഎഫ് സർക്കാർ ഈ ബജറ്റിൽ റബ്ബർ ഉത്തേജകപദ്ധതിക്ക് ഫണ്ടനുവദിക്കാതെ അട്ടിമറിച്ചിരിക്കുന്നു. ഭരണച്ചെലവിനും ജീവനക്കാരുടെ ശമ്പളത്തിനുമായി കാർഷികപ്രതിസന്ധിയിൽ നട്ടംതിരിയുന്ന കർഷകരുടെമേൽ ഭൂനികുതി വർദ്ധിപ്പിച്ചും രജിസ്ട്രേഷൻ ഫീസ് കൂട്ടിയും ഭാഗഉടമ്പടിക്കുള്ള തുക വർദ്ധിപ്പിച്ചും പിച്ചച്ചട്ടിയിൽ കൈയ്യിട്ടുവാരുന്ന നിലപാട് സംസ്ഥാനസർക്കാർ സ്വീകരിച്ചത് ശക്തമായി എതിർക്കും.

ഇൻഫാം ദേശീയ സെക്രട്ടറി ജനറൽ ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ കേന്ദ്ര സംസ്ഥാന ബജറ്റുകളുടെ അവലോകനം നടത്തി ഭാവിപരിപാടികൾ വിശദീകരിച്ചു. മൂവാറ്റുപുഴ വാഴക്കുളം ഇൻഫാം കേന്ദ്ര ഓഫീസിൽ ചേർന്ന ദേശീയ സംസ്ഥാന ഭാരവാഹികളുടെ അടിയന്തരസമ്മേളനത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പള്ളി അധ്യക്ഷത വഹിച്ചു. സംസ്ഥാന കൺവീനർ ജോസ് എടപ്പാട്ട് മുഖ്യപ്രഭാഷണം നടത്തി. ഇൻഫാം ദേശീയ വൈസ്ചെയർമാൻ കെ. മൈതീൻ ഹാജി, ദേശീയ ട്രസ്റ്റി ഡോ. എം. സി. ജോർജ്, ദേശീയ ട്രഷറർ ജോയി തെങ്ങുംകുടിയിൽ, മാത്യു മാമ്പറമ്പിൽ എന്നിവർ സംസാരിച്ചു.

*Director*



## അല്മായഫ്രാൻസിസ്കൻ സഭ

*SFO 4/2018* **രൂപതാ കലോത്സവം**

26-01-2018-ൽ വാഴപ്പിള്ളി ലൊറേറ്റോ ആശ്രമത്തിൽ വച്ചു നടത്തിയ രൂപതാ കലോത്സവത്തിൽ ഒന്നാം സമ്മാനാർഹരായവർ.

**ബൈബിൾ പാരായണം**

ഏലിയാമ്മ ജോയി, നിർമ്മലമാതാ യൂണിറ്റ് (സൂപ്പർ സീനിയർ)
അരുൺ കെ. ജോർജ്, ഹോളിമാഗി യൂണിറ്റ് (സീനിയർ)
അഞ്ജലി സഖറിയാസ്, പെരുമ്പല്ലൂർ യൂണിറ്റ് (ജൂണിയർ)
ആൽഫി അഗസ്റ്റിൻ, ആലക്കോട് യൂണിറ്റ് (സബ് ജൂണിയർ)

**ബൈബിൾ ക്വിസ്**

ബ്രിജിറ്റ് ജോസ്, കല്ലാനിക്കൽ യൂണിറ്റ് (I)
ലീലാമ്മ ജോസ്, വാഴക്കുളം യൂണിറ്റ് (II)
ഏലിയാമ്മ ജോയി, നിർമ്മലമാതാ യൂണിറ്റ് (III)

**ഭക്തിഗാനം**

ലില്ലി കുര്യാക്കോസ്, ലൊറേറ്റോ (സൂപ്പർ സീനിയർ)
എൽസാ ജോർജ്, പള്ളിയ്ക്കാമുറി യൂണിറ്റ് (സീനിയർ)
അഞ്ജലി സക്കറിയാസ്, പെരുമ്പല്ലൂർ യൂണിറ്റ് (ജൂണിയർ)
ആൽഫി അഗസ്റ്റിൻ, ആലക്കോട് യൂണിറ്റ് (സബ് ജൂണിയർ)

പ്രസംഗമത്സരം

ജോർഡ് പി.എം., പള്ളിയ്ക്കാമുറി യൂണിറ്റ് (സൂപ്പർ സീനിയർ)
അരുൺ കെ. ജോർജ്, ഹോളിമാഗി യൂണിറ്റ് (സീനിയർ)
അഞ്ജലി സഖറിയാസ്, പെരുമ്പല്ലൂർ യൂണിറ്റ് (ജൂണിയർ)
എമ്മാനുവൽ വറുഗീസ്, ആലക്കോട് യൂണിറ്റ് (സബ്ജൂണിയർ)

*SFO 5/2018* **SFO കോതമംഗലം രൂപതാവാർഷികവും വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാളാഘോഷവും നടത്തി**

10-02-2018 ശനിയാഴ്ച പുറപ്പുഴ സെന്റ് ആന്റണീസ് മേഴ്സി ഹോമിൽ വച്ച് സംയുക്ത വാർഷികാഘോഷം സമുചിതമായി നടത്തി. രൂപത മിനിസ്റ്റർ ബ്ര. ജോസ് ജോർജ് ഓലിയപ്പുറം, വെളിയേൽച്ചാൽ അദ്ധ്യക്ഷത വഹിച്ചു. രൂപത സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. ജോബി കരിക്കംപള്ളിച്ചിറ OFM Cap. ഉദ്ഘാടനകർമ്മം നിർവഹിച്ചു. പുറപ്പുഴ സെന്റ് ആന്റണീസ് മേഴ്സി ഹോം ചാർജ്ജ് വഹിക്കുന്ന മുൻ രൂപത സ്പിരിച്ചൽ അസിസ്റ്റന്റ് റവ. ഫാ. സോമി പാണങ്കാട്ട്, ബഹു. സിസ്റ്റേഴ്സ്, ബ്രദർ അരുൺ ജോർജ്, ബ്രദർ കെ.ജെ. തോമസ് എന്നിവർ പ്രസംഗിച്ചു. കുഞ്ഞുകുട്ടികളുടെ ഗാനാലാപനം വാർഷികത്തിന് കൊഴുപ്പേകി. കലോത്സവ മത്സരവിജയികൾക്കുള്ള സമ്മാനവിതരണം നടന്നു. വിശുദ്ധ കുർബാനമദ്ധ്യേ പുതിയ അംഗത്വസ്വീകരണം, പ്രതിജ്ഞാനവീകരണം എന്നിവ ഉണ്ടായിരുന്നു. സ്നേഹവിരുന്നോടെ വാർഷികാഘോഷം സമാപിച്ചു.

*SFO 6/2018* **തെരഞ്ഞെടുപ്പ് നടത്തി**

10-02-2018-ൽ സെന്റ് ആന്റണീസ് മേഴ്സി ഹോമിൽ വച്ച് പുതിയ SFO കോതമംഗലം രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടന്നു.

| | |
|---|---|
| രൂപതാ മിനിസ്റ്റർ | - ബ്രദർ ഫ്രാങ്കോ ജോൺ, മേയ്ക്കാട്ടുകുളം നിർമ്മലമാതാ |
| വൈസ് മിനിസ്റ്റർ | - ബ്രദർ ഐപ്പച്ചൻ മുട്ടിയാർകുന്നേൽ, ആലക്കോട് |
| സെക്രട്ടറി | - സി. റോസി ദേവസ്യ പൂനാട്ട്, ഹോളിമാഗി |
| ട്രഷറർ | - ബ്രദർ കെ.പി. മാത്യു കുളങ്ങാട്ടുപാറ, നിർമ്മലമാതാ |
| ഫോർമേറ്റേഴ്സ് | - ബ്രദർ റ്റി.പി. ബേബി തെക്കേക്കര, വാഴക്കുളം |
| | സി. റോസമ്മ കുര്യൻ കൊല്ലമ്മാവുകുടിയിൽ, പെരുമ്പല്ലൂർ |
| | ഡി. സൂസി മേരി ജോർജ് പള്ളത്ത്, ആലക്കോട് |



| | |
|---|---|
| കൗൺസിലേഴ്സ് | - ബ്രദർ ഷാജി മാത്യു ചേറാടിൽ, വണ്ടമറ്റം |
| | സി. വൽസ ടോമി ചവിട്ടാനിയിൽ, കല്ലാനിക്കൽ |

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

*PG 9/2018* **വരദാനവളർച്ചാധ്യാനം**

മൂവാറ്റുപുഴ സബ്സോണിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 15 മുതൽ 18 വരെ കാരക്കുന്നം സെന്റ് മേരീസ് പാരീഷ്ഹാളിൽ വച്ച് വരദാനവളർച്ചാധ്യാനം നടത്തപ്പെട്ടു. കുളത്തുവയൽ NRC ധ്യാനകേന്ദ്രത്തിലെ സിസ്റ്റേഴ്സ് നയിച്ച ധ്യാനത്തിന് രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിൽ, സോണൽ കോ- ഓർഡിനേറ്റർ രാജേഷ് പിട്ടാപ്പിള്ളി, മൂവാറ്റുപുഴ സബ്സോൺ കോ- ഓർഡിനേറ്റർ ജോയിച്ചൻ തെന്നാന എന്നിവർ നേതൃത്വം നൽകി.

*PG 10/2018* **ക്രിസ്റ്റീൻ ധ്യാനം- 2018**

കരിസ്മാറ്റിക് മുന്നേറ്റം കോതമംഗലം സബ്സോണിന്റെയും കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഗേൾസ് ഹൈസ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ 2018 ഏപ്രിൽ 16-ാം തീയതി രാവിലെ മണിമുതൽ 18-ാം തീയതി വൈകിട്ട് 5 മണിവരെ സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെടുന്നു. റവ. ഫാ. ജോസഫ് മണിയംകാട് C.S.T. -യുടെ ആത്മീയ നേതൃത്വത്തിലുള്ള ബ്രദർ ജോഷി കറുകുറ്റി നയിക്കുന്ന സസ്നേഹം മിനിസ്ട്രിയാണ് ധ്യാനം നയിക്കുന്നത്.

കത്തീഡ്രൽ ഇടവക വികാരി വെരി. റവ. ഫാ. മാത്യൂസ് മാളിയേക്കൽ രക്ഷാധികാരിയായ ധ്യാനത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകുന്നു.

18-ാം തീയതി സമാപനദിവസം ധ്യാനത്തിൽ സംബന്ധിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ് ഉണ്ടായിരിക്കും. താമസിച്ചുള്ള ഈ ധ്യാനത്തിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 പേർക്ക്

മാത്രമായിരിക്കും പ്രവേശനം ലഭിക്കുക. ഫോണിലൂടെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോൺടാക്റ്റ് നമ്പർ ജിമ്മി പി. മാത്യു 9387570509, ബേബി പോത്താനിക്കാട്ട് 8281065769. രജിസ്ട്രേഷൻ ഫീസ് 350 രൂപ.

*PG 11/2018* **രാത്രി ആരാധന**

ലോക സമാധാനത്തിനും സഭയുടെ വളർച്ചക്കുംവേണ്ടി മാർച്ച് 2 ആദ്യ വെള്ളിയാഴ്ച പ്രാർത്ഥനാ ശുശ്രൂഷകളിൽ താല്പര്യമുള്ള എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ട് കോതമംഗലം സബ്സോണിന്റെ ആഭിമുഖ്യത്തിൽ രാത്രിയാരാധന നടത്തപ്പെടുന്നു.

മാതിരപ്പിള്ളി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ രാത്രി 9 മണിക്കാരംഭിക്കുന്ന ദിവ്യകാരുണ്യ ആരാധന രാവിലെ 5 മണിക്ക് വിശുദ്ധ കുർബാനയോടെ അവസാനിക്കുന്നു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 10 /2018* **കെ.ആർ.സി.സി. മത്സരങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരളാ റീജിയൻ സംസ്ഥാന തലത്തിൽ നടത്തിയ വിവിധ മത്സരങ്ങളിൽ കോതമംഗലം സെൻട്രൽ കൗൺസിൽ ഒന്നാം സ്ഥാനവും ട്രോഫിയും കരസ്ഥമാക്കി. യുവാക്കളെ സൊസൈറ്റിയിലേക്ക് ആകർഷിക്കുന്നതിനായി എല്ലാ വർഷവും സംസ്ഥാനതലത്തിൽ മത്സരങ്ങൾ നടത്തി വരുന്നു. ഭക്തിഗാനം, പ്രസംഗം, ഉപന്യാസം, ക്വിസ് എന്നീയിനങ്ങളിലാണ് മത്സരം സംഘടിപ്പിച്ചത്. രൂപതാ അടിസ്ഥാനത്തിൽ നടത്തിയ മത്സരങ്ങളിൽ ഒന്നാമത് എത്തിയ പന്ത്രണ്ടുപേരാണ് എറണാകുളത്തുവച്ച് നടന്ന മത്സരങ്ങളിൽ പങ്കെടുത്തത്. പങ്കെടുത്തവരെയും വിജയിച്ചവരെയും സെൻട്രൽ കൗൺസിൽ അഭിനന്ദിച്ചു.

*SV 11 /2018* **സെന്റ് മാർട്ടിൻസ് കോൺഫറൻസ്, അഞ്ചിരി**

മൂലമറ്റം അസ്സീസി സ്നേഹഭവൻ സന്ദർശിച്ചു. 150 അന്തേവാസികൾ അവിടെയുണ്ട്. അവർക്ക് ഇടവകയിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് നല്കുകയും അരി വാങ്ങി നല്കുകയും ചെയ്തു. റണ്ണിംഗ് പ്രോജക്ടറായ ആടുവിതരണപദ്ധതിയിൽ മൂന്ന് ആടുകളെ നൽകി.



*SV 12 /2018* **സെന്റ് ജോർജ് കോൺഫറൻസ് കലയന്താനി**

സ്നേഹസന്ദർശനം, ഉണ്ണീശോയ്ക്ക് ഒരു സമ്മാനപദ്ധതി' യിൽപ്പെടുത്തി. പത്തുകുടുംബങ്ങളിൽ വൃദ്ധ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും കേക്ക് വിതരണം നടത്തുകയും ചെയ്തു. ചികിത്സാസഹായമായി 10500 രൂപ നല്കി.

*SV 13 /2018* **സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് ഏനാനെല്ലൂർ**

സെന്റ് സെബാസ്റ്റ്യൻസ് കോൺഫറൻസ് ശരാശരിയിൽ താഴെയുള്ള കുടുംബങ്ങളുടെ സാമ്പത്തിക അഭിവൃദ്ധി ലക്ഷ്യമാക്കി മുട്ടക്കോഴി വിതരണം എന്ന പ്രോജക്ട് ആവിഷ്ക്കരിച്ചു നടപ്പിലാക്കി. 26-01-2017 ഞായറാഴ്ച രാവിലെ വി. കുർബാനയ്ക്കുശേഷം കോൺഫറൻസ് അംഗങ്ങളും ഗുണഭോക്താക്കളും ക്ഷണിതാക്കളായി എത്തിച്ചേർന്ന എ സി ഭാരവാഹികളും ദൈവാലയ അങ്കണത്തിൽ സമ്മേളിച്ചു. കോൺഫറൻസ് പ്രസിഡന്റ് ബ്രദർ ഡാലു അഗസ്റ്റിൻ കുരീത്തടം ഏവർക്കും സ്വാഗതം ആശംസിച്ചു. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. പോൾ മൈലക്കച്ചാലിൽ, ജോസ് തെക്കുംപുറത്തിന് 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന കിറ്റ് നല്കി. ഇടവകാംഗമായ ഫാ. തോമസ് മലേക്കുടിയും തദവസരത്തിൽ സന്നിഹിതനായിരുന്നു 130 രൂപ വിലയുള്ള ഒരു കോഴി 50 രൂപ നിരക്കിൽ 5 എണ്ണം വീതം 80 കുടുംബങ്ങൾക്ക് വിതരണം ചെയ്തു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 4/2018* **ഇൻഷ്വറൻസ് പരിരക്ഷ**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന സമ്മേളനത്തിൽ കോതമംഗലം രൂപതയിൽ നിന്നും 4 പ്രതിനിധികൾ പങ്കെടുത്തു. L.I.C യുമായി ചേർന്ന് എല്ലാ കെ.എൽ.എം അംഗങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചു. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനും, തൊഴിൽ സുരക്ഷയ്ക്കുമായി കെ.സി.ബി.സിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ച ഒൻപതംഗ കമ്മറ്റിയിൽ കോതമംഗലം രൂപതയിൽ നിന്നും അരിക്കുഴ ഇടവകാംഗമായ ജോബിഷ് ജോസഫ് തരണിയിലിനെ തിരഞ്ഞെടുത്തു.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Mar. 5 | - | Mathruvedi വനിതാ ദിനം |
| " 7-9 | - | Pre- Marriage Course |
| " 10 | - | Catechism Teachers' Training |
| " 13 | - | Study Forum |
| " 21 - 23 | - | Pre- Marriage Course |
| " 25- 28 | - | നോമ്പുകാല ധ്യാനം |

*Director*

## വാർത്തയും വിശേഷങ്ങളും

### അല്മായർക്കുള്ള നോമ്പുകാലധ്യാനം

NESTT-ൽ വച്ച് ഓശാന ഞായറാഴ്ച, മാർച്ച് 25 -ന് ഉച്ചകഴിഞ്ഞ് 4 മണിക്ക് ആരംഭിച്ച് ബുധനാഴ്ച മാർച്ച് 28 -ന് ഉച്ചകഴിഞ്ഞ് അവസാനിക്കുന്നു.

ധ്യാനഗുരു: റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി
(ഡയറക്ടർ, നെസ്റ്റ് തൃശൂർ)

ക്രിസ്തീയ ജീവിതവീക്ഷണവും ജീവിതശൈലിയും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും വളർത്തുവാൻ ഈ ധ്യാനം സഹായിക്കും. NESTT-ലെ ശാന്തമായ അന്തരീക്ഷത്തിൽ ആത്മീയവും ചിന്താ പ്രധാനവുമായ രീതിയിലായിരിക്കും ധ്യാനം നടത്തുന്നത്.

സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ നേരത്തെ വികാരിയച്ചന്റെ അടുത്തോ NESTT ഓഫീസിൽ നേരിട്ടോ വിവരം അറിയിക്കേണ്ടതാണ്. ഫീസ് 600/.

## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph | " | 19 |
| " | Arackal Jose | " | 19 |
| " | Athickal Joseph | " | 19 |



| | | | |
|---|---|---|---|
| Rev. Fr. | Chirapparambil Jose | " | 19 |
| " | Ezhumayil Joseph | " | 19 |
| " | Kadukamakal Joseph | " | 19 |
| " | Kanjirakombil Jose | " | 19 |
| " | Kalapurackal Jose | " | 19 |
| " | Kapiyarumalayil Joseph | " | 19 |
| " | Kallarackal Joseph | " | 19 |
| " | Kandathil Joseph | " | 19 |
| " | Kandathinkara Joseph | " | 19 |
| " | Keethappilly Joseph | " | 19 |
| " | Kizhakel Jose | " | 19 |
| " | Kochuparambil Joseph (Sr.) | " | 19 |
| " | Kochuparambil Joseph (Jr.) | " | 19 |
| " | Koikakudy Joseph | " | 19 |
| " | Koikakudy Joseph Cherian | " | 19 |
| " | Koithanath Joseph | " | 19 |
| " | Koonanickal Jose | " | 19 |
| " | Koonanickal Joseph | " | 19 |
| " | Koottumkal Joseph | " | 19 |
| " | Kottoor Joseph | " | 19 |
| " | Kulathoor Jose | " | 19 |
| " | Kunnumpurath Joseph | " | 19 |
| " | Kuzhikanniyil Joseph | " | 19 |
| " | Mackolil Joseph | " | 19 |
| " | Mailadiathu Jose | " | 19 |
| " | Monippilly Jose | " | 19 |
| " | Moorkattil Jose | " | 19 |

| | | | |
|---|---|---|---|
| Rev. Fr. | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |
| " | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Nellikunnel Joseph | ” | 19 |
| " | Niravath Joseph | ” | 19 |
| " | Njaloor Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |
| " | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Ezhanikkattu Jose CST | ” | 19 |
| " | Koodackatt Jose OFM Cap | ” | 19 |
| " | Ulickiyil Jose OFM Cap | ” | 19 |
| " | Mattathil Joseph CMF | ” | 19 |
| " | Kurisuthara Joseph CMF | ” | 19 |



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജനുവരി**

24 ● കോഴിപ്പിള്ളി ബോയിസ് ടൗണിൽ നടത്തിയ പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കുചേർന്നു.

25 ● പഴങ്ങനാട് സമരിറ്റൻ നേഴ്സിംഗ് കോളേജിൽ നടന്ന convocation-ൽ പങ്കെടുത്ത് സന്ദേശം നൽകി.

● ബഹു. പന്നാരകുന്നേലച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കോടിക്കുളം പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

26 ● മൈനർ സെമിനാരിയിൽ നടത്തിയ Benefactors day യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

● ബിഷപ്സ് ഹൗസിൽ വച്ചു നടത്തിയ Catechism മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

27 ● കോട്ടയം പാമ്പാടി സെന്റ് ജോൺസ് സ്പെഷ്യൽ സ്കൂളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● CST മൈനർ സെമിനാരിയുടെ രജതജൂബിലി സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

28 ● കലയന്താനി സെന്റ് മേരീസ് ഇടവകയുടെ ജൂബിലി സമാപനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

30 ● മൂവാറ്റുപുഴ NESTT -ൽ വച്ചു നടന്ന വൈദിക കൂട്ടായ്മയിൽ അദ്ധ്യക്ഷത വഹിച്ചു.

● മാതിരപ്പിള്ളി ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

**ഫെബ്രുവരി**

2–9 ● ബാംഗ്ലൂർ സെന്റ് ജോൺസിൽ വച്ചു നടന്ന CBCI മീറ്റിംഗിൽ പങ്കുചേർന്നു.

9 • രൂപതാ പ്രിസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

10 • കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻ ഇടവകയിലെ ഗ്രോട്ടോ തിരുനാളിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 • പെരിങ്ങാശ്ശേരി സെന്റ് ജോർജ്ജ് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

12 • വിഭൂതി തിരുക്കർമ്മങ്ങൾക്ക് കത്തീഡ്രൽ ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 • മുതലക്കോടം ഇടവാകാംഗമായ കുന്നേൽ ഷാജി- ബീന ദമ്പതികളുടെ നാലാമത്തെ കുട്ടിയായ മേരിയുടെ പ്രവേശക കൂദാശകൾക്ക് കാർമ്മികത്വം വഹിച്ചു.

16 • പുതുതായി നിർമ്മിച്ച പന്നിമറ്റം സെന്റ് ജോസഫ്സ് എൽ. പി. സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• ക്രിസ്തുജ്യോതി ഇന്റർ നാഷണൽ സ്കൂളിന്റെ വാർഷികാഘോഷത്തിൽ അദ്ധ്യക്ഷത വഹിച്ചു.

17 • SD പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

## Bishop's Engagements

### March 2018

| | | | | |
|---|---|---|---|---|
| 01 | Thu | നാല്പതുമണി ആരാധന | കരിമണ്ണൂർ | 10.00 am |
| | | Minor Seminary | | 3.00 pm |
| 03 | Sat | Education Meeting | | 10.00 am |
| | | Jeeva Scholarship | Pareekanny | 3.00 pm |
| 04 | Sun | Pastoral Visit | Vettimattom | |
| 05 | Mon | വനിതാദിനം (മാതൃവേദി) | NESTT | 10.00 am |
| 06 | Tue | Holy Qurbana | Minor Seminary | 6.00 am |
| 10 | Sat | Holy Qurbana | Perumbillichira | 7.00 am |
| | | CRI Meeting | Vazhakulam | 10.00 am |
| | | Youth Year Inauguration | Cathedral | 2.00 pm |



| | | | | |
|---|---|---|---|---|
| 11 | Sun | Pastoral Visit | Perumannoor | |
| 13 | Tue | Study Forum | NESTT | 10.00 am - 4.00 pm |
| 15 | Thu | St. Joseph's Day | Minor Seminary | 7.30 pm |
| 18 | Sun | Pastoral Visit | Pannimattom | |
| 25 | Sun | Plam Sunday | | |
| 26 | Mon | Consecration of Oil | Cathedral | |
| 29 | Thu | Maundy Thursday | | |
| 30 | Fri | Good Friday | | |
| 31 | Sat | Holy Saturday | | |

## SDസന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ

SD Provincial Council

| | | |
|---|---|---|
| Provincial Superior | - | Rev. Sr. Kochurani Nedumkallel SD |
| Vicar Provincial & Education | - | Sr. Jisa Rani Theruvamkunnel |
| Medical | - | Sr. Filsy Cherukunnel |
| Finance | - | Sr. Tisha Mittathanickal |
| Social | - | Sr. Melvy Pattarumadathil |
| Provincial Auditor | - | Sr. Sumi Rose Palathinkal |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |

| | | |
|---|---|---|
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

## നിര്യാതരായി

### റവ. സി. ഗ്രസീല SABS (വണ്ടനാക്കര)

| | | |
|---|---|---|
| ഇടവക | - | തഴുവംകുന്ന് |
| ജനനം | - | 18-07-1930 |
| ആദ്യവ്രതം | - | 15-04-1959 |
| നിത്യവ്രതം | - | 17-10-1962 |
| മരണം | - | 04-01-2018 |
| മൃതസംസ്ക്കാരം | - | 05-01-2018 (മാറിക) |

### റവ. സി. കസിയാന CMC (ചൂരാപ്പുഴ)

| | | |
|---|---|---|
| ഇടവക | - | അരിക്കുഴ |
| ജനനം | - | 14-10-1933 |
| ആദ്യവ്രതം | - | 01-05-1957 |
| നിത്യവ്രതം | - | 29-05-1960 |
| മരണം | - | 29-12-2017 |
| മൃതസംസ്ക്കാരം | - | 30-12-2017 (ആരക്കുഴ മഠം) |



# Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

## (Form IV See Rule 8)



| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House<br>Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara

Date : 01-03-2018 (Publisher)